287
JUNE 2021

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



# പുതുവർഷം പ്രതീക്ഷകളും ആശങ്കകളും

KERALA PRIVATE
COLLEGE TEACHER

JUN 2021 287

EDITORIAL BOARD

Editor
**Dr. A.S. Sumesh**

Managing Editor
**Dr. K.R. Kavitha**

Assistant Editors
**Dr. Shyla Hameed**
**Dr. Vidhu Narayan**

**Members**
Jogy Alex
Dr. C. Padmanabhan
Dr. C.L. Joshy
Dr. Nisha V
Pramod Vellachal
Dr. Sony John
Dr. M.R. Rajesh
Harinarayanan S.
Dr. Santhosh Kumar Vallikkat
V.H. Nishad
Dr. Sunil Kumar NK
Lijo Sebastian
Dr. Sindhu K.V.
Milon Franz
Dr. Jibin Baby
Dr. Preethakrishna
Dr. Devi K Varma
Kishore Ram

Design : Jwala Creatives

■ *എഡിറ്റോറിയൽ* 3

■ *പുതുവർഷം: പ്രതീക്ഷകളും ആശങ്കകളും*
**ഡോ. സി. പത്മനാഭൻ** 4

■ *കൈലാസ പരിക്രമണം*
**ഡോ. ജോയിസുകുട്ടി ജോസഫ്** 6

■ *അതിശൈത്യത്തിൽ വിയർക്കുന്നവർ*
**ഡോ. എൻ. രേണുക** 13

■ *ഐവറിഷ് ഗലോവി*
**ഡോ. ഇന്ദുലാൽ ജി.** 19

■ *റഷ്യയിൽ നിന്ന് നാല് പ്രേമകവിതകൾ*
**ഡോ. നിഷാന്ത് ടി.** 23

■ *കഴ്സർ ഹൈലൈറ്റർ*
**ഹരിനാരായണൻ ജി.** 25

■ *എന്റെ സ്വന്തം കവിത*
**സിബു മോടയിൽ** 26

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
**Dr. C.Padmanabhan**, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

# എഡിറ്റോറിയൽ



വീണ്ടും ഒരു പുതിയ അക്കാദമിക വർഷത്തിലേക്ക് കടക്കുകയാണ്. പ്രതീക്ഷകൾക്കും ആഹ്ളാദങ്ങൾക്കും അപ്പുറം ആകുലതകളും ആശങ്കകളും കൊണ്ട് നിറഞ്ഞ അക്കാദമിക വർഷമാണ് മുന്നിലുള്ളത്. സാങ്കേതിക വിദ്യയെ മാത്രം അടിസ്ഥാനമാക്കിയുള്ള ഒരു വിദ്യാഭ്യാസ ക്രമത്തെ കുറിച്ചുള്ള ചർച്ചകൾ ലോകമെമ്പാടും സജീവമാണ്. നേരത്തെ തന്നെ ഈ ദിശയിൽ ധാരാളം ചിന്തകളും ചെറിയ പ്രയോഗങ്ങളും ഉണ്ടായിട്ടുണ്ട് എന്നത് നിലനിൽക്കുമ്പോഴും കോവിഡ് പ്രതിസന്ധി സൃഷ്ടിച്ച ശൂന്യതയിലൂടെ വളരെ വേഗം സഞ്ചരിക്കാൻ ഈ ചിന്തയ്ക്ക് കഴിഞ്ഞു എന്ന് കാണാം. സാങ്കേതിക വിദ്യയുടെ സഹായമില്ലാതെ മുന്നോട്ട് പോവാൻ കഴിയില്ല എന്ന വാസ്തവം നിലനിൽക്കുമ്പോഴും അതിൽ മാത്രം അടിസ്ഥാനപ്പെടുത്തിയുള്ള ഒരു വിദ്യാഭ്യാസ ക്രമത്തിന്റെ വെല്ലുവിളികൾ സംബന്ധിച്ച് വിവിധ തട്ടുകളിൽ ഉള്ള വിദ്യാഭ്യസ പങ്കാളികളുമായി ചർച്ച ചെയ്യുകയും അതിൽ നിലനിൽക്കുന്ന സാമൂഹിക-സാംസ്കാരിക-സാമ്പത്തിക അസമത്വങ്ങളെ അഭിസംബോധന ചെയ്യുകയും വേണം എന്നതും നാം മറന്നു കൂടാ. വിദ്യാഭ്യാസ പരിഷ്കാരങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഉപഭോക്താക്കൾ വിദ്യാർത്ഥികളും അവർ പ്രതിനിധാനം ചെയ്യുന്ന അടുത്ത തലമുറയും ആണ് എന്നത് ചർച്ചകളുടെ പ്രാധാന്യത്തെ വർദ്ധിപ്പിക്കുന്നു.

**എഡിറ്റർ**
collegeteacheredt@gmail.com
9744168522

ഡോ. സി. പത്മനാഭൻ



# പുതുവർഷം: പ്രതീക്ഷകളും ആശങ്കകളും

പുതുമയുടെ പ്രധാന ആകർഷണം അത് നൽകുന്ന പ്രതീക്ഷകൾ ആണ്. എന്നാൽ ഈ പുതിയ അക്കാദമിക വർഷം നമ്മെ സംബന്ധിച്ചിടത്തോളം പ്രതീക്ഷകളും ആശങ്കകളും നിറഞ്ഞതാണ്. ഏറിയും കുറഞ്ഞും വരുന്ന കോവിഡ് വ്യാപന നിരക്ക് ആണ് ആശങ്കയുടെ പ്രധാന കാരണം. എന്നാൽ ഇത്രമേൽ പ്രതികൂലമായ സാഹചര്യത്തിലും ജനജീവിതവും ഒപ്പം വിദ്യാഭ്യാസമടക്കമുള്ള സേവനപ്രവർത്തനങ്ങളും ഒട്ടേറെ പ്രതിസന്ധികളെ നേരിട്ടുകൊണ്ട് മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചു എന്നതാണ് പ്രതീക്ഷകളുടെ അടിസ്ഥാനം.

പ്രതിസന്ധികൾ വരുമ്പോൾ പുതുവഴികൾ കണ്ടെത്തി മുന്നോട്ട് പോകാൻ ഉള്ള കഴിവ് ആണ് പരിണാമപരമായ മേൽക്കൈ മനുഷ്യന് നേടി തന്നത്. എന്നാൽ പുതുവഴികൾ കണ്ടെത്തിക്കൊണ്ട് മുന്നേറുമ്പോൾ അത് തന്നെ പുതിയ പ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്യും. പ്രകൃതിയിൽ മനുഷ്യൻ നടത്തുന്ന കൈകടത്തലും അതിന്റെ ഭാഗമായി പ്രകൃതിയിൽ സ്വാഭാവികമായി ഉണ്ടാവുന്ന അസന്തുലിതാവസ്ഥയും ഇത്തരത്തിൽ വരുന്ന പ്രതികൂല സാഹചര്യങ്ങളാണ്. ജന്തുജന്യരോഗങ്ങൾ മുതൽ ആഗോളതാപനം വരെ ഇത്തരത്തിൽ വിലയിരുത്തപ്പെട്ടിട്ടുണ്ട്.

എന്നാൽ പ്രതിസന്ധികളുടെ വരവും അവയ്ക്ക് പരിഹാരം തേടലും വളരെ നിഷ്കളങ്കവും പ്രശ്നരഹിതവുമായ ഒരു ഭൂമികയിലാണ് നടക്കുന്നത് എന്ന തെറ്റിദ്ധാരണ

തീർത്തും ചരിത്രവിരുദ്ധമാണ്. പ്രശ്നങ്ങളേയും പരിഹാരശ്രമങ്ങളെയും ലാഭം വർദ്ധിപ്പിക്കാൻ സഹായകരമായ മികച്ച അവസരമായി കാണുന്ന ധനമൂലധനത്തിന്റെ വ്യാപന കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. അതുകൊണ്ടാണ് കോർപ്പറേറ്റ് മേഖലയ്ക്ക് വേണ്ടി വിടുപണി ചെയ്യലാണ് തങ്ങളുടെ ദൌത്യം എന്ന് വീണ്ടും വീണ്ടും തെളിയിച്ചുകൊണ്ടിരിക്കുന്ന കേന്ദ്രസർക്കാർ തങ്ങളുടെ വിദ്യാഭ്യാസനയം പ്രഖ്യാപിക്കാൻ ഈ അവസരം തന്നെ തെരഞ്ഞെടുത്തത്. ഇന്ത്യൻ വിദ്യാഭ്യാസമേഖലയിൽ കടന്നുകയറാനുള്ള ശ്രമങ്ങൾ ആഗോളവൽക്കരണത്തിന്റെ ആരംഭകാലം മുതൽ കോർപ്പറേറ്റ് ശക്തികൾ നടത്തിവരികയാണ്. എന്നാൽ സ്വാതന്ത്ര്യലബ്ധി മുതൽ രൂപപ്പെട്ടു ശക്തിയാർജിച്ച ചില നയങ്ങളും സംവിധാനങ്ങളും ഈ മേഖലയിലേക്കുള്ള അവയുടെ കടന്നുകയറ്റത്തിന്റെ വേഗത്തിന് വിഘാതം സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെയുള്ള മെല്ലെപ്പോക്ക് അവസാനിപ്പിച്ച് വിദ്യാഭ്യാസമേഖലയിലേക്ക് ഇരച്ചുകയറാനുള്ള അവസരമായാണ് അവർ പകർച്ചവ്യാധിയുടെ വ്യാപനത്തെയും അതിന്റെ ഭാഗമായി ഉളവായ പുത്തൻ സാഹചര്യങ്ങളെയും കാണുന്നത്.

**പ്രശ്നങ്ങളേയും പരിഹാരശ്രമങ്ങളെയും ലാഭം വർദ്ധിപ്പിക്കാൻ സഹായകരമായ മികച്ച അവസരമായി കാണുന്ന ധനമൂലധനത്തിന്റെ വ്യാപന കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. അതുകൊണ്ടാണ് കോർപ്പറേറ്റ് മേഖലയ്ക്ക് വേണ്ടി വിടുപണി ചെയ്യലാണ് തങ്ങളുടെ ദൌത്യം എന്ന് വീണ്ടും വീണ്ടും തെളിയിച്ചുകൊണ്ടിരിക്കുന്ന കേന്ദ്രസർക്കാർ തങ്ങളുടെ വിദ്യാഭ്യാസനയം പ്രഖ്യാപിക്കാൻ ഈ അവസരം തന്നെ തെരഞ്ഞെടുത്തത്.**

പരിഷ്കരണങ്ങളുടേയും സമരങ്ങളുടേയും സമ്മിശ്രതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ട് മാത്രമേ ഈ പ്രതിസന്ധി താണ്ടി മറുകര പറ്റാൻ എയ്ഡഡ് മേഖലയ്ക്ക് പ്രത്യേകിച്ചും ഉന്നതവിദ്യാഭ്യാസമേഖലയ്ക്ക് പൊതുവിലും സാധിക്കുകയുള്ളൂ. വർത്തമാന ഇന്ത്യയിൽ ഈ ദ്വിമുഖതന്ത്രം ഏറ്റവും ഫലപ്രദമായി നടപ്പിലാക്കാൻ പറ്റിയ ഒരേയൊരു സംസ്ഥാനമാണ് കേരളം. ആയതിനാൽ ആ പോരാട്ടം തികഞ്ഞ ആശയവ്യക്തതയോടെ ഏറ്റെടുക്കുക എന്നതാണ് ഈ പുതുവർഷത്തിൽ നാം ഏറ്റെടുക്കേണ്ട വെല്ലുവിളി.



**ഡോ. ജോയിസുകുട്ടി ജോസഫ്**
കെ.ഇ. കോളേജ്, മാന്നാനം

## ഒരു അവിശ്വാസിയുടെ കൈലാസയാത്ര-3

# കൈലാസപരിക്രമണം

കൈലാസ പരിക്രമണത്തിന്റെ ബേസ് ക്യാമ്പാണ് ദർച്ചൻ. ഒരു ചെറിയ ടൗണാണിത്. തീർത്ഥാടകർക്കുവേണ്ടിയുള്ള ലോഡ്ജുകളും ഒന്നു രണ്ട് ഹോട്ടലുകളും ഏതാനും ചെറിയ റെസ്റ്റോറന്റുകളും മെഡിക്കൽ ഷോപ്പുകളും ഒക്കെ ഇവിടുണ്ട്. ടിബറ്റൻ കരകൗശല സാധനങ്ങൾ വിൽക്കുന്ന കടകളും ടെലിഫോൺ ബൂത്തുകളുമാണ് ഇവിടെ കൂടുതൽ കണ്ടത്. ചൂടുവെള്ളത്തിൽ കുളിക്കാൻ പറ്റുന്ന ഒന്നുരണ്ട് കുളിപ്പുരകളും അവയോടനുബന്ധിച്ച് മസാജിംഗ് നടത്തുന്നവരുമുണ്ട്. ടിബറ്റിൽ വന്നതിനുശേഷം ആദ്യമായി കുറെയേറെ ചൈനക്കാരേയും ഇവിടെ കണ്ടു. കടകൾ പലതും അവരുടേതാണെന്ന് തോന്നുന്നു. രണ്ട് ദിവസം മുമ്പുനടന്ന ബുദ്ധപൂർണ്ണിമ എന്ന ബുദ്ധ ജയന്തിക്കായി ഒരുക്കിയ അലങ്കാരങ്ങൾ അഴിക്കാതെ അവിടവിടെയായി കാണാം. സീസണിൽ തീർത്ഥാടകർക്കും കുതിരക്കാർക്കും മറ്റും താമസിക്കാനായി പ്ലാസ്റ്റിക് ടെന്റു തീർക്കുന്ന മൈതാനങ്ങൾ കടകൾക്ക് പിന്നിലായുണ്ട്.

ടൗണിനുള്ളിൽ തന്നെയാണ് ഞങ്ങൾ താമസിക്കുന്ന പിൽഗ്രിം സെന്റർ. ഒരു മുറിയിൽ നാലു പേർ കണക്കിൽ രണ്ടുനിലകളിലായി പത്തുനൂറ് പേർക്കു താമസിക്കാവുന്ന വലിയൊരു ലോഡ്ജ്. ലോഡ്ജിന്റെ മുൻമുറ്റത്തുനിന്നാൽ ലോഡ്ജിന് പിന്നിൽ തെളിഞ്ഞു നിൽക്കുന്ന കൈലാസത്തിന്റെ തെക്കേ മുഖം കാണാം. വിവേക് കൈലാസ പരിക്രണത്തിന് പോകുന്നവരുടെ ലിസ്റ്റ് എടുക്കുകയാണ്. തീർത്ഥാടക സീസൺ ആരംഭിക്കാത്തതിനാലും വഴികളിൽ മഞ്ഞ് ഒഴിയാത്തതിനാലും കുതിരകളെ കിട്ടാനില്ല. നടന്നു മാത്രമേ പരിക്രമണം അതിനാൽ സാധിക്കൂ. ഡോൾമചുരം പൂർണമായി മഞ്ഞ് മൂടിക്കിടക്കുന്നതിനാൽ ഒന്നാം ദിവസം തന്നെ ദിറാപുക്ക് കൊണ്ട് പരിക്രമണം നിറുത്താനാണ് സാധ്യത. ഞങ്ങളുടെ സംഘത്തിലുള്ള പലരും ദർച്ചനിൽ തന്നെ യാത്ര അവസാനിപ്പിക്കാനുള്ള ഒരുക്കത്തിലാണ്. നടത്തത്തിനിടയിൽ എന്തെങ്കിലും സംഭവിച്ചാൽ ബുദ്ധിമുട്ടാകും എന്ന് വിവേകും ഷെർപ്പകളും ഇടയ്ക്കിടയ്ക്ക് പറയുന്നതുകൊണ്ടു കൂടിയാവാം പലർക്കും പേടിയായി. പേടിക്ക് മറ്റൊരു കാരണം കൂടിയുണ്ട്. ഞങ്ങളുടെ സംഘത്തിൽ ഗുജറാത്തിൽ നിന്നുള്ള അമ്പതു വയസിനടുത്ത് പ്രായം തോന്നിക്കുന്ന, സകല സമയത്തും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന രണ്ട് സ്ത്രീകളുണ്ടായിരുന്നു. അവർ സഹോദരിമാരാണ് എന്ന് പിന്നീടാണറിയുന്നത്.

നേരത്തെ പറഞ്ഞ സവർണ്ണ മുഖ്യ സംഘവുമായും അവർ കാര്യമായി



ചേർന്നിരുന്നില്ല. ബസിന്റെ പിന്നിലെ ഒരു സീറ്റിൽ ഇരിക്കയാണ് പതിവ്. അവരുടെ പെരുമാറ്റത്തിലും എന്തോ ഒരു വല്ലാഴിക മുമ്പുതന്നെ ഞാൻ ശ്രദ്ധിച്ചിരുന്നു. പിന്നീടാണ് വിവേക് പറഞ്ഞറിയുന്നത് അവർ വേറെയാർക്കോവേണ്ടി കൈലാസയാത്ര നടത്തുന്ന പാവങ്ങളായിരുന്നെന്ന്. ചിലയിടങ്ങളിൽ അങ്ങനെയൊരു രീതി ഉണ്ടത്രേ. സ്വയം കൈലാസയാത്ര നടത്താനാവാത്തവർ പണം കൊടുത്ത് മറ്റുള്ളവരെ നിയോഗിക്കും. ഇങ്ങനെ വരുന്നവർക്ക് അവരെ നിയോഗിച്ചവരുടെ പിതൃക്കൾക്കായി ബലിയിടാനും മറ്റും അവകാശം ഉണ്ടത്രേ. പോളിയെസ്റ്റർ സാരിയുടുത്ത് അതിന്റെ പുറത്ത് നിറം പോയ സെറ്ററുകളുമിട്ട്, വില കുറഞ്ഞ ക്യാൻവാസ് ഷൂസുമണിഞ്ഞ് അവർ നടക്കുന്നതു കണ്ടപ്പോഴേ ഞങ്ങൾക്ക് അപകടം മണത്തതാണ്. ന്യൂഡോംമയിൽ വെച്ചുതന്നെ അനുജത്തിക്ക് പനി പിടിച്ചു. മാനസ സരസിൽ കരയിലെ ബലികർമ്മങ്ങളും വിവേകിന്റെ വിലക്കു ലംഘിച്ചുള്ള സ്നാനവും കൂടിയായപ്പോൾ പനി കടുത്തു. കടുത്ത ശ്വാസതടസവും.

ചിയുവിലെ ക്ലിനിക്കിൽ കാണിച്ചപ്പോൾ ന്യുമോണിയയാണെന്നും അടിയന്തിരമായ വിദഗ്ധ ചികിത്സ കൊടുക്കണമെന്നും ഡോക്ടർ. അവരെ ഹെലികോപ്റ്ററിൽ അടിയന്തിരമായി കാഠ്മണ്ഡുവിലെത്തിക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടാണ് ചിയുവിൽ നിന്ന് വിവേക് പോന്നത്.

ഞങ്ങൾ ആറ് മലയാളികളിൽ അഞ്ചുപേരും വേറെ ആറുപേരും മാത്രമാണ് കൈലാസ പരിക്രമണത്തിന് പേരു നൽകിയത്. ബാക്കിയുള്ളവർ മൂന്നു ദിവസം ദർച്ചനിൽ കഴിയണം. ഹിന്ദുക്കളല്ലാത്ത ഞങ്ങൾ പരിക്രമണത്തിന് തുനിയുന്നത് പലരേയും ആശ്ചര്യപ്പെടുത്തി.

ടിബറ്റിലെ വലിയ കാഴ്ചകളിലൊന്നായി എനിക്ക് തോന്നിയത് ആകാശമാണ്. നമ്മൾ കണ്ടുപരിചയിച്ച ആകാശമേ അല്ല ഇവിടെ. കരിനീല ആകാശത്തിൽ നമുക്ക് എത്തിപ്പിടിക്കാം എന്നപോലെ താഴ്ന്നുപറന്നുവരുന്ന വലിയ വെളുത്ത മേഘക്കൂട്ടങ്ങൾ. പ്രഭാതത്തിലും പ്രദോഷത്തിലും ഈ മേഘക്കൂട്ടങ്ങളിൽ പ്രകൃതി തീർക്കുന്ന വർണ്ണചിത്രങ്ങൾ. ഇവയ്ക്കിടയിലൂടെ സൂര്യന്റെ ഒളിഞ്ഞു നോട്ടങ്ങൾ. ഇവയും സൂര്യനും ചേർന്ന് മണ്ണിൽ വരയ്ക്കുന്ന നിഴൽ ചിത്രങ്ങൾ.

കുളിപ്പുരയിലെ ചൂടുവെള്ളത്തിൽ കുളിയുടെ സുഖാനുഭവത്തിൽ കാഴ്ചകൾ കണ്ടു നടക്കുമ്പോഴാണ് പെട്ടെന്ന്

പൂഴിക്കാറ്റ്. സമീപത്തെ കരകൗശല സാധനങ്ങൾ വിൽക്കുന്ന ഒരു കടയിൽ ഓടിക്കയറി. നടത്തിപ്പും കച്ചവടവും എല്ലാം പെണ്ണുങ്ങൾ തന്നെ. പൊതുവേ അലസരായി ബിയർ കഴിച്ചിരിക്കുന്നവരായോ ബില്യാർഡ്സ് കളിച്ചിരിക്കുന്നവരായോ ആണ് മിക്കവാറും ആൺകൂട്ടങ്ങളെ കണ്ടത്. പലതരം പ്രെയർ വീലുകളും കൊന്തകളും കല്ലിൽ കൊത്തിയ ചെറിയ ബുദ്ധരൂപങ്ങളും മറ്റുമാണ് ഇവിടെ കൂടുതലും കണ്ടത്. പലതരം ശിവരൂപങ്ങളും സാളഗ്രാമങ്ങളും ശിവലിംഗങ്ങളും ഉണ്ട്. യാക്കിന്റെ എല്ലും തോലും രോമവും കൊമ്പുമൊക്കെ കൊണ്ടുണ്ടാക്കിയ കൗതുകവസ്തുക്കളുമുണ്ട്.

യാക്കിന്റെ കൊമ്പുൾപ്പെടെ ഉണക്കിയ തലകൾ ചിത്രപണികൾ ചെയ്ത് അപ്പാടെ വില്പനയ്ക്ക് വച്ചിരിക്കുന്നു. അവർ വില പറയുന്നതും പേശുന്നതുമൊക്കെ കാൽക്കുലേറ്ററിലാണ്. ഇംഗ്ലീഷും ഹിന്ദിയും ഒരക്ഷരംപോലും ആർക്കുമറിയില്ല. അതിനാൽ ധൈര്യമായി ഇംഗ്ലീഷിലോ ഹിന്ദിയിലോ നമുക്ക് ഇവരോട് സംസാരിക്കാം. വഴിക്കുപറയട്ടെ സാധനങ്ങൾക്ക് അത്ര അമിതമായ വിലയില്ലിവിടെ. മനുഷ്യരെല്ലാം പൊതുവെ സാധുക്കളായാണ് തോന്നിയത്. തട്ടിപ്പിന്റെയോ വെട്ടിപ്പിന്റെയോ ഒരനുഭവവും ടിബറ്റിൽ ഒരിടത്തു നിന്നുമുണ്ടായിട്ടില്ല.

## കൈലാസം പർവ്വതങ്ങളുടെ രാജാവ്

ദർച്ചനിൽ നിന്ന് പത്തു പന്ത്രണ്ട് കിലോമീറ്റർ മാറിയുള്ള ഷെർഷങ്ക് ഗ്രാമം വരെ ഇപ്പോൾ വാഹനത്തിലെത്താം. അവിടെയടുത്ത് യമദ്വാറിൽ നിന്നാണ് പരിക്രമണം തുടങ്ങേണ്ടത്. അവിടം വരെ പരിക്രമണം നടത്തുന്നില്ലാത്തവരും വരുവാൻ തീരുമാനിച്ചു. അത്രമോശമല്ലാത്ത പാതയിലൂടെയുള്ള പ്രഭാതയാത്ര ആവേശകരമായിരുന്നു.

നോക്കുന്നിടത്തെല്ലാം മഞ്ഞുമൂടിയ വലിയ പർവ്വതങ്ങൾ. ലോകത്തിന്റെ മുകൾത്തട്ടിലൂടെ സഞ്ചരിക്കുന്നതിന്റെ ത്രിൽ. ടിബറ്റിലെ ഏറ്റവും ഉയരമുള്ള ഗുർലമന്ധാത പർവ്വതം (25243 അടി) അത്ര ദൂരെയല്ലാതെ കാണാം. നന്ദാദേവി കഴിഞ്ഞാൽ ഇന്ത്യയിലെ ഏറ്റവും ഉയർന്ന കൊടുമുടിയായ കാമത്ത് (25446 അടി) വളരെ ദൂരെ കാണാം. വാഹനങ്ങളുടേയും കുതിരക്കാരുടെയും യാക്കുകാരുടേയും പോർട്ടർമാരുടെയും വലിയ തിരക്ക് ഉള്ളതായി കേട്ടിരുന്ന ഷെർഷങ്കിൽ ഒന്നുരണ്ട് ചൈനീസ് പട്ടാള വാഹനങ്ങളെല്ലാതെ മറ്റൊന്നുമില്ല. വാഹനം പാർക്ക് ചെയ്തതിന്റെ അപ്പുറത്തെ ഒരു ചെരിവിൽ നീണ്ട ഒറ്റക്കയറിൽ ബന്ധിക്കപ്പെട്ട് അഞ്ചാറ് കുതിരകളും അതിൽ കൂടുതൽ യാക്കുകളും നിൽപ്പുണ്ടെന്ന് മാത്രം.

കൈലാസത്തിന് അഭിമുഖമായി നിൽക്കുന്ന ചെറിയ ഒരു സ്തൂപമാണ് യമദ്വാർ. യമലോകത്തേയ്ക്കുള്ള വാതിലായി ഇതിനെ ഭക്തർ കരുതുന്നു. രണ്ടു വശത്തും ഓരോ ഇടുങ്ങിയ വാതിലുകൾ ഇതിനുണ്ട്. ഇതുവരെയുള്ള ജീവിതത്തെ ഇവിടെ ഉപേക്ഷിച്ച് ഒരു വാതിലിലൂടെ കയറി മറുവാതിലിലൂടെ പുതിയൊരു ജീവിതത്തിലേക്ക് കടക്കുന്നു എന്നാണ് വിശ്വാസം. പഴയ ജീവിതം ഉപേക്ഷിക്കുന്നതിന്റെ സൂചനയായി അതുവരെ ഉപയോഗിച്ചിരുന്ന എന്തെങ്കിലും ഒന്ന് അവിടെ ഉപേക്ഷിക്കുന്ന പതിവുണ്ട്. ഞങ്ങളുടെ കൂടെയുള്ള ഭക്തർ കൂടുതലും തുവാലകളും നാട്ടിൽ നിന്നേ കൈയിൽ കരുതിയ, ചില ചെറിയ തുണികളുമാണ് ഉപേക്ഷിച്ചു കണ്ടത്. സ്തൂപത്തിനുള്ളിലെ മണിമുഴക്കി കൈലാസ പർവ്വതത്തെ വണങ്ങിവേണം പരിക്രമണം ആരംഭിക്കാൻ.

സീസൺ തുടങ്ങാത്തതിനാലാവാം ടിബറ്റൻ പോർട്ടർമാർ ആരെയും കിട്ടിയില്ല. ഞങ്ങളുടെ നോളി ഷെർപ്പകൾ പോർട്ടർമാരായി കൂടെ വരാം എന്ന് അറിയിച്ചു. ഒരാളുടെ സാധനങ്ങൾ വഹിച്ച് പരിക്രമണം കഴിയുന്നതുവരെ കൂടെ നടക്കുന്നതിന് ടിബറ്റർക്ക് ഏഴായിരം ഇന്ത്യൻ രൂപയ്ക്ക് തുല്യമായ തുക കൊടുക്കണമെങ്കിൽ ഇവർക്ക് അയ്യായിരം ഇന്ത്യൻ രൂപ തന്നെ മതിയെന്നറിയിച്ചു. കൊഡാരിയിൽ നിന്ന് ഞങ്ങളുടെ ഒപ്പം കൂടിയ ഷെർപ്പെ യുവതി സോനവും പരിക്രമണത്തിന് കൂടെക്കൂടി. ടൂർകമ്പനിയുടെ പോർട്ടർ സംഘത്തിലുള്ള ഡോർജിയുടെ സഹോദരിയാണവർ എന്നാണ് പറഞ്ഞത്. ഇടയ്ക്ക് പറയട്ടെ, നോളിലെ ഉയർന്ന പ്രദേശങ്ങളിൽ കഴിയുന്ന ഷെർപ്പകളുടെ സ്ഥിരം പേരുകളിൽ ഏറ്റവും പ്രധാനട്ടെ രണ്ടു പേരുകളാണ് സോനവും ഡോർജിയും. പത്തിലൊരു ആണിന്റെ പേര് തീർച്ചയായും ഡോർജി എന്നാവും. അതൊരു കുടുംബ പേരായിരിക്കാനും സാധ്യതയുണ്ട്. ലിജിയും റ്റി.ജെ.യും ചേർന്ന് പതിനായിരം രൂപ കൊടുക്കാം എന്ന വ്യവസ്ഥയിൽ അവരുടെ തോൾ ബാഗുകൾ ഡോർജിയെ ഏൽപ്പിച്ചു.

കയറ്റിറക്കങ്ങൾ കാര്യമായി ഇല്ലാത്ത വഴിയാണ് തുടക്കത്തിൽ. സമതലത്തിൽ എടുത്തുവെച്ചതുപോലുള്ള മലകൾ. ഇരുവശവും തലയാട്ടി തുമ്പിയാട്ടി നിൽക്കുന്ന ഈ മലകളുടെ ചുവട്ടിലൂടെയാണ് വഴി. മലകൾ പലതിനും കോട്ടകളോടും കൊട്ടാരക്കെട്ടുകളോടും രൂപസാദൃശ്യമുണ്ട്. മനുഷ്യരുണ്ടാക്കിയവയെന്ന് തോന്നിപ്പിക്കുന്ന ആകൃതിയാണിവയ്ക്ക്. സസ്യങ്ങളുടെ ആവരണമില്ലാത്തതുകൊണ്ട് മണ്ണിനെ മഴ ഒഴുക്കിയും കാറ്റ് പറിച്ചും കളഞ്ഞ് പാറ തെളിഞ്ഞുനിൽക്കുന്നതുകൊണ്ടാണ് ഇങ്ങനെയൊരു ആകൃതി ഉണ്ടായതെന്ന് തോന്നുന്നു. കുബേരന്റെ രാജധാനിയായിരുന്നിവിടമെന്നും കൊട്ടാരക്കെട്ടുകളുടെ അവശിഷ്ടങ്ങളാണ് ഈ മലകളെന്നും വിശ്വസിക്കുന്നവരുമുണ്ട്. ഇടയ്ക്ക് ചെറിയ ചില നീർച്ചാലുകളുണ്ട്. നീർച്ചാലുകളിൽ വെള്ളം മിക്കവാറും ഉറഞ്ഞു തന്നെയാണ്. പൊടി പറത്തുന്ന ശക്തമായ തണുത്ത കാറ്റുണ്ടെന്നതൊഴിച്ചാൽ ദിവസം പൊതുവെ പ്രസന്നമാണ്. ഇടയ്ക്കിടയ്ക്ക് മലകളുടെ ഇടയിലൂടെ കൈലാസം പുഞ്ചിരിയോടെ ഈ യാത്രികരെ വീക്ഷിക്കുന്നുണ്ട്. കയറ്റങ്ങളും കല്ലും മണ്ണും ഇളകിക്കിടക്കുന്ന വഴികളുമുണ്ട്. സീസണിൽ കുതിരകളും യാക്കുകളും നിരന്തരം നടന്ന് തേഞ്ഞ വഴികളാണിത്. ഇടയ്ക്ക് പലയിടത്തും ഇരുന്ന് വിശ്രമിച്ചും കൈയിൽ കരുതിയിരുന്ന കശുവണ്ടിയും ഡ്രൈഫ്രൂട്സും കഴിച്ചും നടത്തം തുടർന്നു.

വർഷങ്ങളായി ഞങ്ങൾ ഇത്തരം



ട്രെക്കിംഗുകൾ നടത്താറുള്ളതിനാലും ഉയരങ്ങളിലെ കാലാവസ്ഥയുമായിഅനുകൂലനം കിട്ടിയിരുന്നതിനാലും നടത്തം അത്ര ബുദ്ധിമുട്ടുള്ളതായി അനുഭവപ്പെട്ടില്ല.

ആറേഴ മണിക്കൂറുകൾ ഇങ്ങനെ നടക്കുമ്പോൾ ദൂരെ ദിറാപ്പുക്ക് മൊണാസ്റ്ററി കാണാം. ഗ്ലേസിയറുകളുടെയും നീരൊഴുക്കുകളുടെയും എണ്ണം കൂടി വരുന്നുണ്ട്. അങ്ങനെ പോകുമ്പോൾ വലതുവശത്ത് അത്ഭുതം പോലെ, അരികിൽ കൈലാസത്തിന്റെ പ്രശസ്തമായ വടക്കേമുഖം. വടക്കുംനാഥൻ എന്നാണ് വിശ്വാസികൾ ഈ മുഖത്തെ വിളിക്കാറുള്ളത്. തെളിഞ്ഞ ആകാശവും വിടർന്ന കൈലാസവുമാണ് ഇനി നമുക്ക് കൂട്ട്. അല്പം വിസ്താരമുള്ള ലാച്ചു (Lachu) പുഴയ്ക്ക് കുറുകെയുള്ള നടാലം കടന്നുവേണം ദിറാപ്പുക്ക് ക്യാമ്പിലേക്ക് പോകാൻ. പുഴ മുഴുവനായി ഉറഞ്ഞു കട്ടിയായ നിലയിലാണ്. ഒന്നു രണ്ട് നീളമുള്ള കെട്ടിടങ്ങളും താല്ക്കാലിക ടെന്റുകളും രണ്ടുമൂന്ന് കടകളും ക്യാമ്പിലുണ്ട്. സീസണിൽ ഇവിടെ നൂറുകണക്കിന് ടെന്റുകളുണ്ടാവുമെന്നാണ് കേട്ടിട്ടുള്ളത്. നാലുമണിയോടെ പതിനാല് കിലോമീറ്റർ നടന്ന് ക്യാമ്പിലെത്തിയിരിക്കുന്നു.

ഞങ്ങൾ അഞ്ചുപേർക്കും കൂടി താമസിക്കാൻ ഒരു മുറി കിട്ടി. കല്ലടുക്കി ഭിത്തി തീർത്ത് ടിൻ ഷീറ്റുമേഞ്ഞ നീണ്ട ഒരു കെട്ടിടത്തിലാണിത്. നീല ടിൻ ഷീറ്റിലുണ്ടാക്കുന്ന രണ്ട് ഷെഡുകൾ പുറത്ത് തീർത്ഥാടകർക്കായി പൂർത്തിയായി വരുന്നുണ്ട്. യാക്കിൻ പാലൊഴിച്ച ചായ ദോർജി മുറിയിലെത്തിച്ചുതന്നു. ചായ കുടിച്ചപ്പോൾ ഉഷേമായി.

പുറത്തിറങ്ങിയപ്പോൾ ഒരാശ. കൈലാസത്തിന്റെ ചുവട്ടിലേക്ക് പോകണം എന്ന്. ചുവടിനെ മറച്ചു നിൽക്കുന്ന ജാംബിയാംഗ് പർവ്വതം കയറി കാങ്ക്യാം (Kangkyam) ഗ്ലേസിയർ കടന്നാൽ കൈലാസത്തിന്റെ ചുവട്ടിലെത്താം എന്നാണ് കേട്ടിട്ടുള്ളത്. പി.ജെ. ജോയിയും നൈനിറ്റാളിൽ നിന്നുള്ള രമേഷ് തിവാരിയും കൂടെക്കൂടി. ഒൻപതു മണിവരെയെങ്കിലും പ്രകാശം ഉണ്ടാവുമെന്ന് നേരത്തെ അറിഞ്ഞിരുന്നു. എങ്കിലും ഹെഡ് ലൈറ്റുകൾ എടുത്തു. അതിവേഗം തന്നെ പർവ്വതം കയറാൻ ആരംഭിച്ചു. കൃത്യമായ വഴികൾ ഇല്ലാത്തതിനാലും ഞങ്ങൾ ക്ഷീണിതരായിരുന്നതിനാലും ഉദ്ദേശിച്ചപോലെ മുന്നോട്ട് പോവുന്നില്ല. എന്നു മാത്രമല്ല താഴെനിന്ന് കണ്ടപ്പോൾ തോന്നിയതുപോലെ അത്ര നിസാരനല്ല ജാംബിയാംഗ് എന്ന കൈലാസ സഖാവ്. ഒന്നൊന്നര മണിക്കൂർ കൊണ്ട് കഷ്ടിച്ച് മുകളിലെത്താനേ പറ്റിയുള്ളൂ. തുടർന്നങ്ങോ

ട്ട് വഴിയടയാളങ്ങൾ കാണാനേ ഇല്ല. പർവ്വതചെരിവുകൾ മുഴുവൻ മഞ്ഞുറഞ്ഞ് കിടക്കുകയാണ്.

ഗൈഡില്ലാതെ ഇത്തരം വഴികളിൽ സഞ്ചരിക്കുന്നത് അപകടകരമാണെന്ന് അറിയാവുന്നതിനാൽ മുന്നോട്ട് പോകേണ്ട എന്ന് തീരുമാനിച്ചു. എനിക്ക് ചെറിയ ഇച്ഛാഭംഗമുണ്ടായി എന്ന് സമ്മതിച്ചേ തീരൂ. ഇത്രയും എത്താൻ സാധിച്ചല്ലോ

എന്നോർത്ത് ആ വിഷമത്തെ ഞാനടക്കി. തപോവനം സ്വാമികൾ നാലുമാസം നടന്ന് ആദ്യ കൈലാസയാത്രയ്ക്ക് എത്തിയിട്ട് അനാരോഗ്യം കാരണം ദർച്ചനിൽ നിന്ന് പരിക്രമണം നടത്താതെ തിരിച്ചുപോകേണ്ടി വന്ന കാര്യം പി.ജെ. ജോയി ഓർമ്മിപ്പിച്ചു.

ഈ യാത്രയ്ക്കിടയിൽ ഒരിടത്തും ഇത്രയുമടുത്ത് ഇനി കാണാനൊക്കില്ല എന്നറിയാവുന്നതിനാൽ കൈലാസത്തെ സൂക്ഷ്മമായി നോക്കിക്കൊണ്ട് കുറെ നേരമിരുന്നു. ഭാരതീയന്റെ ഭാവനയെ ഇത്രയുമുദ്ദീപിപ്പിച്ച വേറെന്തെങ്കിലുമുണ്ടോ എന്ന് സംശയമാണ്. മഞ്ഞിന്റെ അമൂല്യ രത്നം എന്നർത്ഥമുള്ള കാങ്റിംപോച്ചേ എന്ന് ടിബറ്റർ വിളിക്കുന്ന ഈ കറുത്ത പാറക്കൊട്ടുമുടി മുഴുവൻ സമയവും മഞ്ഞു മൂടിക്കിടക്കുന്നു. കുത്തനെയുള്ള ചരിവുകളിൽ ഹിമം തങ്ങി നിൽക്കാത്തതുകൊണ്ടാണ് പടിക്കെട്ടുകൾപോലെ പാറ തെളിഞ്ഞ് കാണുന്നത്. ശിവന്റെ വാസസ്ഥ

ലമായ സ്വർഗ്ഗമായി കൈലാസത്തെയും സ്വർഗ്ഗത്തിലേക്കുള്ള ചവിട്ടുപടികളായി ഈ കൽപാട്ടുകളെയും കാണുന്നവരുണ്ട്. ബുദ്ധ, ഹിന്ദു, ജൈന, ബോൺ എന്നീ നാലു മതങ്ങൾ ഏറ്റവും വിശുദ്ധി നിറഞ്ഞ ഇടമായിട്ടാണ് ഈ മുടിയെ കാണുന്നത്. ശിവൻ വാഴുന്ന ഇടം എന്നതിൽ നിന്ന് ശിവ പ്രതിരൂപമായിത്തന്നെ ചിലർ കൈലാസത്തെ കാണുന്നു. ഇതിന്റെ വ്യതിരിക്തമായ ആകൃതി ആവാം ശിവലിംഗ പ്രതിരൂപമായും പർവ്വതരാജനായും ഒക്കെ കാണുന്നതിന്റെ കാരണം. (താന്ത്രികർ കൈലാസത്തെ ലിംഗമായും സരസിനെ യോനിയായും കാണാറുണ്ട്) കൈലാസത്തിന്റെ വടക്കേ മുഖത്തിന് മാത്രമാണ് ഇത്രയും മനോഹരമായ ആകൃതിയുള്ളത്.

കൈലാസവുമായി ബന്ധട്ടെ നിരവധി മിഥ്യാധാരണകളും ഉണ്ട്. കൈലാസത്തെ ആർക്കും സ്പർശിക്കാനാവില്ല എന്നതാണ് അതിലൊന്ന്. ഞാനിപ്പോൾ നിൽക്കുന്നതിന്റെ മുമ്പിലുള്ള ഹിമാനി കടന്നാൽ കൈലാസത്തിന്റെ ചുവട്ടിലെത്താം. കൈലാസചരൺ എന്നാണ് അവിടം അറിയപ്പെടുന്നത്. അവിടെ എത്തുന്നവർക്ക് കൈലാസപാദത്തിൽ സ്പർശിക്കാനാവും.



കൈലാസത്തെ സ്പർശിക്കുന്നതിന്റെ ചില വീഡിയോകൾ ഞാൻ കണ്ടിട്ടുണ്ട്. കൈലാസ മുടി ആർക്കും കീഴടക്കാനാവില്ല എന്നതാണ് വേറൊന്ന്. 21778 അടിമാത്രമാണ് ഉയരമെങ്കിലും വശങ്ങൾ മിക്കവാറും കുത്തനെയാണ് ഈ മുടിയുടേത്. മിലരേപയെപോലെ ചിലർ ഇതിന്റെ മുകളിലെത്തിയതായി പറയുന്നുണ്ടെങ്കിലും ആധുനിക കാലത്ത് ആരും ഇതിന്റെ മുകളിലെത്തിയിട്ടില്ല. ലാമാ ബുദ്ധമതം ടിബറ്റിൽ അധികാരത്തിൽ വന്നതിന് ശേഷം അവരും ഇപ്പോൾ ചൈനാ സർക്കാരും ഈ മുടി കീഴടക്കാൻ അനുവാദം കൊടുക്കുന്നില്ല എന്നതാണ് വാസ്തവം. പ്രപഞ്ചത്തിന്റെ ഊർജ്ജ കേന്ദ്രമെന്ന് കൈലാസത്തെ പറയുന്നതിന്റെ യുക്തി എത്ര ആലോചിച്ചിട്ടും ഇതുവരെ പിടികിട്ടിയിട്ടില്ല. ഭക്തിയില്ലാത്തവർക്ക് കൈലാസം ദർശനം കൊടുക്കില്ല എന്നതാണ് പ്രബലമായ മറ്റൊരു വിശ്വാസം. മലയാളത്തിലെ ചില എഴുത്തുകാർ വരെ ഈ വിശ്വാസക്കാരുണ്ട്. തീർത്ഥാടകർ കൂടുതലായെത്തുന്ന ജൂലായ്, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ പലപ്പോഴും മഴയും കോടമഞ്ഞുമായിരിക്കും ഇവിടെ. കോടമഞ്ഞുമാറുന്ന ഏതെങ്കിലും സമയത്തും മാത്രമാവും പർവ്വതമുടി ദൃശ്യമാവുന്നത്. കൈലാസത്തെ ഒരിക്കൽപോലും കാണാൻ പറ്റാതെ തിരിച്ചുപോയവരും ഉണ്ടെന്നാണ് കേട്ടിട്ടുള്ളത്. എന്നാൽ എന്റെ കാര്യം പറയട്ടെ, ഈശ്വരവിശ്വാസിയേ അല്ലാത്ത ഞാൻ ആദ്യം കണ്ടപ്പോൾ മുതൽ ഈ നിമിഷം വരെ ചെറിയ മേഘത്തിന്റെ മറവുപോലും ഉണ്ടായിട്ടില്ല.

ക്യാമ്പിലെത്തിയപ്പോഴാണ് പിറ്റേ ദിവസത്തെ യാത്രയ്ക്ക് ചില തടങ്ങൾ ഉണ്ടായതായി അറിയുന്നത്. ഡോൾമചുരത്തിൽ വഴി മഞ്ഞുമൂടിക്കിടക്കുന്നതിനാൽ തദ്ദേശിയർ അല്ലാത്തവരെ ഇവിടെ നിന്ന് തിരിച്ചുവിടുകയാണത്രേ. ദിറാപ്പുക്കിൽ തീർത്ഥാടന ചുമതലയുള്ള ഒരു ഉദ്യോഗസ്ഥനാണ് അനുമതി നിഷേധിച്ചിരിക്കുന്നത്. എന്തുചെയ്യണമെന്ന് എല്ലാവരും ചേർന്ന് ആലോചിച്ചു. ദിറാപ്പുക്കിലെത്തിയ ഗുജറാത്തിൽ നിന്നുള്ള രണ്ടുപേരും തിരിച്ചുപോവുകയാണെന്ന് അറിയിച്ചു. പിന്നെയുള്ളത് രാജസ്ഥാനിൽ നിന്നുള്ള മധ്യവയസ്കരായ ദമ്പതികൾ, നൈനിറ്റാളിൽ നിന്നുള്ള രമേഷ് തിവാരി, ഡൽഹിയിൽ നിന്നുള്ള ബാങ്ക് ഉദ്യോഗസ്ഥനായ ചെറുപ്പക്കാരൻ, പിന്നെ ഞങ്ങളഞ്ചുപേർ. ഞങ്ങൾ എല്ലാവരും ഷെർപ്പകളെക്കൂട്ടി റ്റി.ജെ.യുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥനെ അയാളുടെ മുറിയിൽ പോയി കണ്ടു. അദ്ദേഹം നല്ല ഉദ്ദേശത്തോടെ പറഞ്ഞതാണ്. ഇന്ത്യക്കാർ ആരെയും ഈ വർഷം ദിറാപ്പുക്കിൽ നിന്ന്





കടത്തി വിട്ടിട്ടില്ലത്രേ. വഴികൾ മഞ്ഞുമൂടിക്കിടക്കുന്നതിനാൽ റിസ്കുണ്ടെന്ന്അദ്ദേഹം ഓർമിപ്പിച്ചു. റിസ്ക് എടുക്കാൻ തയ്യാറെങ്കിൽ അനുമതി തരാമെന്നദ്ദേഹം പറഞ്ഞു. ഉച്ചയ്ക്ക് മുമ്പ് ഡോൾമ പാസ് കയറിയിറങ്ങണം. വെളുപ്പിനെ മൂന്നര മണിക്ക് മുമ്പ് ഇവിടെ നിന്ന് പോകണം. അങ്ങനെയാകാമെന്ന് ഉറപ്പു കൊടുത്ത് ഞങ്ങൾ മുറിയിലേക്ക് തിരിച്ചുപോന്നു.

അതിരാവിലെ എഴുന്നേൽക്കേണ്ടതിനാൽ നേരത്തെ കിടക്കാമെന്ന് വിചാരിച്ചു. ജാക്കറ്റ് വരെ ഇട്ടുകൊണ്ട് ഫുൾസെറ്റിലാണ് ഉറക്ക ബാഗിനുള്ളിൽ കിടപ്പ്. കിടന്നിട്ട് ഉറക്കം വരുന്നില്ല. കൈലാസം തൊട്ടടുത്തിങ്ങനെ വിളങ്ങി നിൽക്കുമ്പോൾ എങ്ങനെ ഉറങ്ങും? മുറിയിൽ നല്ല കൂർക്കം വലി. പുറത്തിറങ്ങി. രാത്രി വൈകിയിട്ടും നല്ല വെളിച്ചം.

ഇടയ്ക്കെപ്പോഴോ ഒന്ന് മങ്ങി, വീണ്ടും വെളിച്ചം. ഇപ്പോൾ നിലാവാണെന്ന് തോന്നുന്നു. നിലാവിൽ കൈലാസം വെള്ളി മാമലയാവുന്നു. ആകാശത്ത് നിറയെ നക്ഷത്രങ്ങൾ. ഷെർപ്പകൾ താമസിക്കുന്ന ടെന്റിൽ നിന്ന് പൊട്ടിച്ചിരികൾ. ടിബറ്റുകാരുടെ ടെന്റിൽ നിന്നാവാം കഞ്ചാവു മണം. പാതിയിരുട്ടിൽ തിളങ്ങുന്ന കണ്ണുകളുമായി യാക്കുകൾ.

താഴെ ദിറാപ്പുക്ക് മൊണാസ്ട്രിയിലെ സൗരവിളക്കുകൾ. പല അടുക്ക് കമ്പിളി വസ്ത്രങ്ങൾക്കിടയിലൂടെയും അരിച്ചെത്തുന്ന തണുപ്പ്. താപനില പൂജ്യത്തിന് താഴെയാവും. ഷെർപ്പകളുടെ ടെന്റിലെ വിളക്കണഞ്ഞതോടുകൂടി പരിപൂർണ നിശ്ബദത. യാക്കുകളുടെ ഉച്ഛ്വാസശബ്ദവും ഇടയ്ക്കിടെയുണ്ടാകുന്ന കാറ്റിന്റെ ശബ്ദവുമല്ലാതെ വേറൊന്നുമില്ല.

അപ്പോഴും തിളങ്ങി നില്ക്കുന്ന കൈലാസമുടി. ശരിക്കും റിയലായ ഒരു ലോകത്തു തന്നെയാണോ നാം നിൽക്കുന്നതെന്ന് സംശയം തോന്നുന്ന വേളകൾ.

**ഡോ. എൻ. രേണുക**
എൻ.എസ്.എസ്. കോളേജ്, ചേർത്തല

# അതിശൈത്യത്തിൽ വിയർക്കുന്നവർ

അവഗണിക്കപ്പെടുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്ന പഠനശാഖയാണ് ബാല സാഹിത്യത്തിന്റേത്. ഒരു തലമുറയുടെ സൗന്ദര്യബോധത്തെയും ധാർമ്മികതയെയും സാംസ്കാരികാന്തരീക്ഷത്തെയും രൂപപ്പെടുത്തുന്നതിൽ ബാലസാഹിത്യകൃതികൾക്കുള്ള പങ്ക് ചെറുതല്ല. അതിൽത്തന്നെ സ്വതന്ത്രകൃതികളും വിവർത്തനകൃതികളുമുണ്ട്. മഞ്ഞുമൂടിയ ഭൂപ്രകൃതിയും യുദ്ധത്തിന്റെ ഭീകരശബ്ദങ്ങളും യഥാതഥമായ അന്തരീക്ഷവും വിചിത്രഭാവനകളും നിറങ്ങളും ചിത്രങ്ങളും അടങ്ങുന്ന സോവിയറ്റ് ബാലകഥകളും നോവലുകളും കവിതകളും മലയാളിയുടെ ഭാവുകത്വത്തെ പല രീതിയിലും സ്വാധീനിച്ചിട്ടുണ്ട്. റഷ്യൻ ബാലസാഹിത്യം എന്നത് എപ്പോഴും മോഹിപ്പിക്കുന്ന മേഖലയാണ്. മറ്റേത് ഭാഷയേക്കാളും റഷ്യൻ ഭാഷയിൽ രചിക്കപ്പെട്ട കൃതികൾ മലയാളത്തിൽ സ്വതന്ത്രകൃതികൾ പോലെതന്നെ സ്വീകരിക്കപ്പെട്ടു. ഇത്തരം സ്വീകാര്യതയ്ക്കും ആസ്വാദനങ്ങൾക്കും നൊസ്റ്റാൾജിയയ്ക്കും പിറകിൽ സോവിയറ്റ് യൂണിയന്റെയും കേരളത്തിന്റെയും സാംസ്കാരിക ചരിത്രവും മാനവിക സങ്കല്പങ്ങളുമുണ്ട്. കാരണം ഒരു കൃതി വിവർത്തനം ചെയ്യപ്പെടുന്ന ഭാഷയുടെ അന്തരീക്ഷം പ്രധാനമാണ്.

റഷ്യൻ ബാലസാഹിത്യ ചരിത്രത്തിൽത്തന്നെ പല ഘട്ടങ്ങളുമുണ്ട്. അതിൽ 1920-30 കൾ നിർണ്ണായകമായ കാലമായിരുന്നു. 1991 വരെ ഈ സുവർണ്ണ കാലഘട്ടം നിലനിന്നു. ദ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ദ സോവിയറ്റ് യൂണിയൻ എന്ന രാഷ്ട്രീയസംഘടനയുടെ നേതൃത്വത്തിൽ നിലനിന്നിരുന്ന സോവിയറ്റ് യൂണിയന്റെ രാഷ്ട്രീയ ജീവിതം പരാമർശിക്കാതെ റഷ്യൻ ബാലസാഹിത്യത്തെ പരിചയപ്പെടുത്താനാവില്ല. സമത്വത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളും പുതിയ ലോകത്തിനുവേണ്ടിയുള്ള കാത്തിരിപ്പുകളും വർഗ്ഗാധിഷ്ഠിതമായ ജീവിതബോധവും ശാസ്ത്രബോധവും ഇച്ഛാശക്തിയും സമരവീര്യവും സാഹോദര്യവും പുലർത്തിയ ഒരു ദേശീയതയുടെ രാഷ്ട്രസങ്കല്പങ്ങളുടെ അവിഭാജ്യ ഘടകമായിരുന്നു പ്രോഗ്രസ് പബ്ലിക്കേഷൻസും റാദുഗയും. അക്കാലത്തെ റഷ്യൻകൃതികളിലേറെയും ഇവരാണ് പ്രസിദ്ധീകരിച്ചിരുന്നത്. ബാലസാഹിത്യകൃതികൾ 'മഴവില്ല്' എന്നർത്ഥം വരുന്ന റാദുഗയാണ് പ്രസിദ്ധീകരിച്ചത്. ശാസ്ത്രകൃതികൾ 'മിർ' എന്ന പേരിലാണ് പുറത്തുവന്നത്. സുദീർഘമായ ഒരു കാലഘട്ടത്തിന്റെ ബാലഭാവനകളിൽ മഴവില്ല് പോലെ വിരിഞ്ഞ ജീവിതത്തിന്റെ വർണ്ണങ്ങളും ചരിത്രവും കൗതുകങ്ങൾ നിറഞ്ഞതാണ്. സമാനമായ രാഷ്ട്രീയ കാലാവസ്ഥയിൽ ജീവിച്ചിരുന്ന കേരളീയരുടെ ബോധത്തിൽ ഈ കൃതികളിൽ തളിർപ്പുകളും പൂവനങ്ങളും തീർത്തു. പലപ്പോഴും കുട്ടികൾക്ക് വേണ്ടി എഴുതപ്പെടുന്നതൊന്നും അവർക്ക് മാത്രം അവകാശപ്പെട്ടതല്ല. രണ്ടുതരത്തിലുള്ള വായനകൾ ബാലസാഹിത്യത്തെ ചൂഴ്ന്നുനിൽക്കുന്നുണ്ട്. കുട്ടികളുടെയും മുതിർന്നവരുടെയും

ലോകബോധങ്ങൾ പ്രവർത്തിക്കുന്ന വായനകൾ. അതിശൈത്യത്തിന്റെ മഞ്ഞുപുതഞ്ഞ ദേശകാലങ്ങളിൽ ചടുലമായ ജീവതാളങ്ങളിൽ പുലർന്നിരുന്ന ധൈര്യശാലികളും അധ്വാനികളുമായ മനുഷ്യരുടെയും സഹജീവികളുടെയും കഥകൾ കുട്ടികളുടെയും മുതിർന്നവരുടെയും ജീവിതായോധനത്തെ ക്രിയാത്മകമായി നിലനിർത്തി. മമതകളുടെ ഈ ലോകബോധമാണ് ദേശാന്തരങ്ങൾ പിന്നിട്ട് കേരളത്തിലെത്തിയത്. റാദുഗ/പ്രോഗ്രസ് പബ്ലിഷേഴ്സിനു വേണ്ടി റഷ്യൻ ബാലസാഹിത്യ കൃതികൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് സോവിയറ്റ് ഇൻഫൊർമേഷൻ സെന്ററിൽ ഉദ്യോഗസ്ഥനായിരുന്ന മോസ്കോ ഗോപാലകൃഷ്ണനും ഭാര്യ ഓമനയുമായിരുന്നു. അബ്രഹാം പാറക്കുന്നേൽ എന്ന വിവർത്തകനെയും പ്രത്യേകം ഓർമ്മിക്കേണ്ടതാണ്.




സ്കൂളിൽ ആദ്യം പഠിക്കുന്നത് നമ്മുടെ പ്രാഥമിക ആവശ്യങ്ങൾ എന്തൊക്കെയാണ് എന്നാണ്. ആഹാരം, വസ്ത്രം, പാർപ്പിടം എന്ന് കൂട്ടത്തോടെ വലിയ ശബ്ദത്തിൽ പറഞ്ഞു പഠിച്ച ഒരു കാലം ലോകത്തെവിടെയും ഉണ്ടായിരിക്കും. ഒരു കുട്ടിയുടെ സാമൂഹിക സാംസ്കാരിക ബോധം ഉറവെടുക്കുന്നതിൽ ഈ അടിസ്ഥാന സങ്കല്പങ്ങൾക്ക് വലിയ സ്ഥാനമുണ്ട്. തീക്ഷ്ണമായ ഈ യാഥാർത്ഥ്യങ്ങളിൽനിന്നാണ് ഭാവനയുടെ ആഴപ്പരപ്പുകൾ ഭിന്നരൂപികളായി ഉടലെടുക്കുന്നത്.

കൊച്ചുമൺകുടിൽ (എ. എൻ. ടോൾസ്റ്റോയി), മായാലോകം റഷ്യൻ എഴുത്തുകാരുടെ കുട്ടിക്കഥകൾ, നികിതയുടെ ബാല്യം(അലക്സേയ് ടോൾസ്റ്റോയി), ബാലവാടിയിലേക്ക്(നദേഷ് ന കലിനീന)പാടുന്ന തൂവൽ (വസീലി സുഹോംലിൻസ്കി), പപ്രശ്ശനായ കുരുവി(കെ. പൗസ്തോവ്സ്കി), നീലക്കപ്പ്, ചുക്കും ഗെക്കും, ജീവിതവിദ്യാലയം (അർക്കാദി ഗൈദാർ), കാട്ടിലെ വീടുകൾ(വി. ബിയാങ്കി), ധീരനായ ഉറുമ്പ് (തത്യാന മക്കാറൊവ), കൊമ്പുള്ള ആട്ടിൻ കുട്ടി(ഇ. വസിലേവ്സ്കയ), ലെനിന്റെ പുഞ്ചിരി (നിക്കോലായ് ബൊഗ്ദാനൊവ്), കുട്ടികളും കളിത്തോഴരും(ഒ. പിറോവ്സ്കയ), അച്ഛന്റെ ബാല്യം (അലക്സാന്ദർ റാസ്കിൻ), കടലോരത്ത് ഒരു ബാലൻ(എൻ. ദൂബൊവ്), അപ്പൂപ്പന്റെ വീട്ടിൽ (എൻ. നോബൊവ്, മലകളുടെയും സ്റ്റെപ്പിയുടേയും കഥകൾ (ചിംഗീസ് ഐത്മാത്തൊവ്), ഘടികാരങ്ങളെപ്പറ്റി നിങ്ങൾക്കെന്തറിയാം(യാക്കൊവ് ദ്ലുഗൊലെൻസ്കി), തീക്കുണ്ഡം മുതൽ റിയാക്ടർ വരെ (അലക്സേയ് ക്രിലോവ്)തീപ്പക്ഷി: റഷ്യൻ നാടോടിക്കഥകൾ എന്നിങ്ങനെ മനുഷ്യരും മൃഗങ്ങളും പ്രകൃതിയും കഥാപാത്രങ്ങളായിവരുന്ന കഥകളും കവിതകളും നോവലുകളും പോപ്പുലർസയൻസ് പുസ്തകങ്ങളുമടക്കം ചിത്രസഹിതമായ ഒരു അനുഭവലോകമാണ് സോവിയറ്റ് ബാലകൃതികളുടെ പരിഭാഷയിലൂടെ അനാവൃതമായത്. 1991 ൽ സോവിയറ്റ് യൂണിയൻ നാമാവശേഷമാകുന്നതുവരെ എഴുത്തിന്റെയും വിവർത്തനങ്ങളുടെയും ഈ പൂക്കാലം നിലനിന്നു.

വിപ്ളവാനന്തരകാലത്തിന്റെ സൃഷ്ടികളായിരുന്നു ഭൂരിഭാഗം ബാലസാഹിത്യ കൃതികളും. ശീതയുദ്ധത്തിന്റെ കരിനീലപ്പടർപ്പുകൾക്കുള്ളിലൂടെ കടന്നുപോകുന്ന ഒരു ഘട്ടത്തിൽ, അധ്വാനത്തിലൂടെ അന്വേഷണവും അതിജീവനവും വിപ്ലവവും സാധ്യമാക്കിയ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജീവനാഡികളാൽ




ബന്ധിതമായ രണ്ടു സമൂഹങ്ങളുടെ(കേരളം, റഷ്യ) ആത്മൈക്യം ഈ കൃതികളുടെ ഉൾത്തട്ടിലുണ്ട്. ഇന്ത്യൻവിപണിയിൽ വിറ്റഴിക്കപ്പെട്ട സാഹിത്യം വഴിയാണ് റഷ്യയെ മലയാളികൾ അനുഭവിച്ചത്. ബാലസാഹിത്യചരിത്രത്തിൽത്തന്നെ അതൊരു നവതരംഗം സൃഷ്ടിച്ചു. റഷ്യൻ സംസ്കാരത്തെത്തന്നെ നവീകരിക്കാനുള്ള ഉപാധികളായി ഇവ മാറി. അന്ധവിശ്വാസങ്ങൾക്കും വിഷാദത്തിനും ഭയത്തിനും എതിരെ വെളിച്ചത്തിന്റെയും ഇച്ഛാശക്തിയുടെയും കമാനങ്ങളുയർത്തി. നിരാശയെയും സങ്കടങ്ങളെയും അഭിമുഖീകരിച്ചുകൊണ്ടുതന്നെ ഭൗമികജീവിതത്തിന്റെ പശ്ചാത്തലം ആഖ്യാനത്തിലും കഥാപാത്രങ്ങളിലും ആശയലോകത്തിലും നിലനിർത്തി. അതുകൊണ്ടുതന്നെ മാന്ത്രികഭാവനകളോ അതിശയോക്തികരങ്ങളായ ആഖ്യാനങ്ങളോ റഷ്യൻ ബാലസാഹിത്യത്തിൽ കണ്ടെത്താനാവില്ല. കഥാത്മകമായിരിക്കുമ്പോൾത്തന്നെ അവ യഥാതഥമായ അന്തരീക്ഷം ബോധപൂർവ്വം നിലനിർത്തി. സാഹസികതയും വീരാരാധനയും സൈനികവൃത്തിയും ഗാർഹിക ബന്ധങ്ങളും വളർത്തുമൃഗങ്ങളും ഫാക്ടറികളും കൃഷിസ്ഥലങ്ങളും ഫാമുകളും അധ്വാനിക്കുന്ന മനുഷ്യരും എല്ലാം ഉൾക്കൊള്ളുന്ന ജൈവസമ്പന്നതകളുടേതായ റഷ്യൻ ജീവിതപശ്ചാത്തലം ഇന്ത്യൻ സെൻസിബിലിറ്റിയെയും നവീകരിച്ചു. കേരളമടക്കമുള്ള ഇന്ത്യയുടെ ഉപദേശീയതകളിലെല്ലാം മനുഷ്യർ എക്കാലവും അനുഭവിച്ചിരുന്ന പ്രശ്നങ്ങൾ വിശപ്പും ദാരിദ്ര്യവുമായിരുന്നു. വിപ്ളവാനന്തരറഷ്യയുടെ ഭൂപ്രകൃതിയും കാലാവസ്ഥയും ജീവിതശൈലിയും സമൂഹഘടനയും നവനിർമ്മാണസങ്കല്പങ്ങളും ശാസ്ത്രപുരോഗതിയും നിറഞ്ഞുനിൽക്കുന്ന റഷ്യൻ ബാലകൃതികളിൽ വായനക്കാരുടെ ബാല്യവും കൗമാരവും യൗവനവും വാർദ്ധക്യവും കലർന്നു കിടക്കുന്നു.

അക്കാലങ്ങളിൽ ഈ കൃതികളുടെ വായന അഭിരുചികളിൽ വരുത്തിയ വ്യതിയാനങ്ങളെക്കുറിച്ച് പി. കെ. രാജശേഖരൻ എഴുതുന്നു:

കുട്ടിക്കഥകളും ചിത്രങ്ങളും, മൂന്ന് തടിയന്മാർ, മഴവിൽപ്പൂവ്, വാളമീൻ കൽപിക്കുന്നു, ചുക്കും ഹെക്കും, ബാലവാടിയിലേക്ക്, വെളുത്ത കലമാൻ, വെള്ളത്തിനു പോയ മൂഷികൻ, കൊമ്പുള്ള ആട്ടിൻകുട്ടി അങ്ങനെ എത്രയോ പുസ്തകങ്ങൾ. നിറങ്ങൾ വിശ്വരൂപം കാട്ടിയ വരകൾ കിനാവിലേക്കു തുറന്ന വാതായനങ്ങളായ ആ കഥാപുസ്തകങ്ങൾ വിദൂരഭൂപ്രകൃതികളെ തൊട്ടുനോക്കാവുന്നത്ര അടുത്താക്കി എഴുപതുകളിലെ വായിക്കുന്ന കുട്ടികളെ സമ്മോഹിതരും സ്വപ്നദർശികളുമാക്കിത്തീർത്തു. (വാളമീൻ കൽപിക്കുന്നു ഞാൻ ഇച്ഛിക്കുന്നു)

മഞ്ഞ് ഒരു കാലാവസ്ഥാസൂചകമായി നിലനിൽക്കുന്നുവെങ്കിലും ഉറഞ്ഞുപോയ ജീവിതങ്ങൾ എവിടെയുമില്ല. വീരത്വവും നൃത്തവും സംഗീതവും വിയർപ്പും പ്രത്യാശയും ഗ്രാമീണ ദൃശ്യചാരുതകളും ലയിച്ചുചേർന്ന വിമോചനസ്ഥലങ്ങളുടെ ഒരിക്കലും അവസാനിക്കാത്ത മേട്ടുകളായാണ് അനുഭവപ്പെടുന്നത്. ഒരു പക്ഷേ, റഷ്യൻ ബാലസാഹിത്യകൃതികളിൽ ആവിഷ്കരിക്കപ്പെടുന്ന

ഭൂഭാഗചാരുതകൾ തന്നെയാണ് അവയിലെ ആശയലോകത്തെ വെളിവാക്കുന്നത്. സ്ഥലകാലസൂചനകളും ചരിത്രപരാമർശങ്ങളുമില്ലാത്ത ഒരു കൃതി പോലുമില്ല. മൃഗകഥകളിലും കുട്ടിക്കഥകളിലും ഗ്രാമീണ മേഖലകളെക്കുറിച്ചും നഗരവികാസത്തെക്കുറിച്ചും വർണ്ണിക്കുന്നത് കാണുമ്പോൾ അതിശയം തോന്നും. കാരണം എല്ലാ ആഖ്യാനങ്ങളും പരിണാമങ്ങളിലൂടെയുള്ള മനുഷ്യജീവിതത്തെയും ആവാസവ്യവസ്ഥയെയുമാണ് ചിത്രീകരിക്കുന്നത്. എല്ലാം ഒരു രാഷ്ട്രത്തിന്റെ ആന്തരികതയിലേയ്ക്കുള്ള ചൂണ്ടാണികളായിമാറുന്നു. വാത്തകളുടെ ശബ്ദം, ഒരു പറ്റത്തിന്റെ നായകനായിത്തീർന്ന വാത്ത, കൊല്ലന്റെ ആല, കൂട്ടുകൃഷിക്കളം, പാടത്ത് മുഴങ്ങുന്ന പട്ടാളബ്യൂഗിൾ, അടയാളമണിയുടെ മുഴക്കം, കിതച്ചുനീങ്ങുന്ന തീവണ്ടിഎഞ്ചിൻ, വൈകുന്നേരം ജോലി കഴിഞ്ഞ് ക്ഷീണിതരെങ്കിലും ഉന്മേഷഭരിതരായി കടന്നുപോകുന്ന ആളുകൾ, വെടിയൊച്ചകൾ, പശുവിനെ മേയ്ക്കുന്നവർ, പച്ചക്കറിത്തോട്ടം, വാട്ടർമില്ലുകൾ, വംശീയത, അഭയാർത്ഥികൾ, പലായനം, ധാന്യസംഭരണഗോപുരങ്ങളിലേയ്ക്ക് പൊങ്ങിപ്പറക്കുന്ന പട്ടങ്ങൾ, ബാലേനൃത്തം നടക്കുന്ന തിയേറ്റർ, അക്കാദമികൾ, ഇൻസ്റ്റിറ്റ്യൂട്ടുകൾ, സിനിമാശാലകൾ, എണ്ണമറ്റ വാഹനങ്ങൾ, നിറപ്പകിട്ടുള്ള വസ്ത്രങ്ങൾ ധരിച്ച് കൂട്ടംകൂട്ടമായി ബസ്സുകളിൽ കയറി നഗരത്തിനു ചുറ്റുമുള്ള പാർക്കുകളും സുഖവാസകേന്ദ്രവും സന്ദർശിക്കുന്നവർ, വീട്ടുമൃഗങ്ങൾക്കും കാട്ടുമൃഗങ്ങൾക്കുമൊപ്പം ഒരുമിച്ചു വളരുന്ന കുട്ടികൾ, കുട്ടികളെ ജോലി ചെയ്യാൻ പ്രേരിപ്പിക്കുന്ന മുതിർന്നവർ, പണിയിടങ്ങളിൽ പോയി വസന്തത്തിൽ തിരിച്ചു വരുന്ന അച്ഛൻ, കാത്തിരിക്കുന്ന കുഞ്ഞുങ്ങൾ, ശൈത്യകാലത്ത് അടച്ചുപൂട്ടിയിട്ടിരിക്കുന്ന ഐസ്ക്രീം ബൂത്ത്, പട്ടണങ്ങളിൽ നിന്ന് കുതിരകൾ പിൻവാങ്ങിയതോടെ കുതിരകളുടെ തീറ്റസഞ്ചിയിൽ നിന്നും ഓട്ട്സ് കഴിച്ചിരുന്ന കുരുവികളുടെ പട്ടിണി, വിശപ്പകറ്റാൻ കുതിരകളുള്ള നാട്ടിൻപുറങ്ങളിലേയ്ക്കും കപ്പലുകളിൽ ധാന്യം കയറ്റുന്ന തുറമുഖപട്ടണങ്ങളിലേയ്ക്കും പറന്നുപോയ കുരുവികൾ, ഇരുപത് കുടുംബക്കാർ ചേർന്ന് ജീവിക്കുന്ന ഉറുമ്പിൻകൂന, ഓരോ ദിവസവും വീട്ടുണ്ടാക്കാനുള്ള സാമഗ്രികൾ (ഫർമരത്തിന്റെസൂചികൾ, ചവറുകൾ, തുമ്പിയുടെ ചിറകുകൾ, മരപ്പൂക്കൾ, ) എന്നിങ്ങനെ സൂക്ഷ്മവും വിശദവുമായ ഒരു ജീവലോകത്തെക്കുറിച്ചുള്ള അറിവുകളായി മാറുന്ന കൃതികൾ. റഷ്യൻബാലസാഹിത്യത്തിന്റെതന്നെ പൂർവ്വകാല സ്വഭാവങ്ങളിൽനിന്ന് ഭിന്നമായ ഒരു ആഖ്യാനലോകമായിരുന്നു ഈ കൃതികളിൽ പ്രത്യക്ഷപ്പെട്ടത്. റഷ്യൻ ബാലസാഹിത്യ പഠനങ്ങളിൽ കാണുന്നതനുസരിച്ച് ഇതൊരു സ്വാഭാവിക മാറ്റമായിരുന്നില്ല. കുട്ടികളുടെ വായനയെയും വിദ്യാഭ്യാസത്തെയും പരിഗണിച്ചിരുന്ന ഒരു ഭരണകൂടത്തിന്റെ നയങ്ങളാണ് ഇവിടെ നടപ്പായത്. യുക്തിബോധവും ഭാവനകളും ഇഴകലർന്ന ദേശരാഷ്ട്രസങ്കല്പങ്ങൾ ഉൾക്കൊള്ളുന്ന സാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്ന ജോലിയും ഉത്തരവാദിത്തവുമാണ് സ്റ്റേറ്റ് ഏറ്റെടുത്തത്. അതിന്റെ ഭാഗമായി കുട്ടികൾ എന്താണ് വായിക്കാൻ ആഗ്രഹിക്കുന്നത്? അവർക്ക് എന്താണ് വേണ്ടത് എന്ന് റഷ്യയിലെ കുട്ടികളുടെ ഇടയിൽത്തന്നെ ഒരു സർവേ നടത്തി. കൗമാരക്കാർക്ക് അതിനെക്കുറിച്ച് കൂടുതൽ ധാരണയുണ്ടായിരുന്നു.

Truth for Young Pioneers എന്ന് അർത്ഥം വരുന്ന' Pionerskaya



Pravda' എന്ന റഷ്യൻ ന്യൂസ് പേപ്പറിലൂടെ 1933 ജൂലൈ 13ന് മാർക്സിം ഗോർക്കി കുട്ടികളെ അഭിസംബോധന ചെയ്യുന്നുണ്ട്. What are you reading? What books do you like? What books would you like to read? , ദ സ്റ്റേറ്റ് ചിൽഡ്രൻസ് പബ്ളിഷിംഗ് ഹൗസി(Detgiz) ലേക്കെത്തുന്ന കുട്ടികളുടെ മറുപടികൾ പേപ്പറിൽ തന്നെയുള്ള Our response to marxim Gorky എന്ന ഭാഗത്ത് വലിയ തോതിലുള്ള വിശകലനങ്ങളോടെ കൊടുത്തിരുന്നു. കുട്ടികളുടെ മാഗസിനുകൾക്ക് നിർണ്ണായകമായ സ്ഥാനം കൈവന്നു. Baraban, " "Yuny Stroitel, " "Vesyolye Rebyata, " "Zateinik, " "Moorzilka"എന്നിവ അവയിൽ ചിലതാണ്. Pioneer" , "Koster", "Yozh" , "Chizh" magazines എന്നിവ രൂപത്തിൽത്തന്നെ ആവശ്യാനുസൃതമായ മാറ്റങ്ങൾ വരുത്താൻ തയ്യാറായി. കുട്ടികൾക്കും കൗമാരക്കാർക്കും വേണ്ടിയുള്ള സാഹിത്യ പ്രസിദ്ധീകരണങ്ങളുണ്ടായിരുന്നു. തെരുവുകുട്ടികളുടെ കഥകൾ, കർഷകബാല്യങ്ങൾ, എന്നിങ്ങനെ കുട്ടികളുടെ ആവശ്യങ്ങൾ മുൻനിർത്തിയുള്ള അഭിരുചി നവീകരണമാണ് നടന്നത്. ഭരണകൂടവും പ്രസാധകരും അദ്ധ്യാപകരും ലൈബ്രേറിയൻസും ഉൾപ്പെടെയുള്ള വലിയൊരു സംഘത്തിന്റെ കൂട്ടായ പ്രവർത്തനം റഷ്യൻബാലസാഹിത്യത്തിന്റെ മാസ്മരികതയ്ക്ക് പുറകിലുണ്ടായിരുന്നു.

സാമൂഹിക-സാമ്പത്തിക സമത്വം, രാജ്യസ്നേഹം, യുക്തിബോധം, തൊഴിലിനോടുള്ള ആത്മാർപ്പണം, വികസനപദ്ധതികൾ, കൂട്ടുത്തരവാദിത്വം എന്നിവ മൃഗകഥകളിൽപ്പോലും സൂക്ഷ്മമായി സന്നിവേശിപ്പിച്ചിരിക്കുന്നു. അർക്കാദി ഗൈദാറിന്റെ 'നീലക്കപ്പ്' എന്ന നോവലിൽ സ്വെത്‌ലാന എന്ന കുട്ടിയും അവളുടെ അച്ഛനും കൂടി താമസിക്കുന്ന പരിസരങ്ങൾക്കടുത്ത് ഇതുവരെ പോകാത്ത വഴിയിലൂടെ നടത്തുന്ന ഒറ്റ ദിവസത്തെ വിനോദയാത്രയാണ് പശ്ചാത്തലം. അവർ കടന്നുപോകുന്ന വഴികളും കാഴ്ചകളും ആത്മഗതങ്ങളും എല്ലാം വിചിത്രമാണ്:

" പീരങ്കിയിൽനിന്ന് രണ്ടാമതും വെടികേട്ടു. അതുവരെ വിജനവും നിശ്ശബ്ദവുമായി കിടന്നിരുന്ന വയൽപ്പരപ്പ് പെട്ടെന്ന് ശബ്ദമുഖരിതവും ചലനനിരതവുമായി. മുന്നോട്ടു നീട്ടിപ്പിടിച്ച തോക്കുകളുമായി ചുവപ്പു സേനാഭടന്മാർ സർവ്വത്ര പ്രത്യക്ഷപ്പെട്ടു. പൊന്തകളുടേയും കുന്നുകളുടേയും ഇടുക്കുകളുടേയും പിന്നിൽനിന്ന് അവർ ചാടിയിറങ്ങി. . . . . . . . . . . . . . . . .
. . . . . . . . . . . . . . . . . . . . . . പയറു നട്ടിരിക്കുന്ന പാടം, പുൽപ്പറമ്പുകൾ, കല്ലുവെട്ടിയെടുക്കുന്ന ഇടം, ചതുപ്പുനിലം, പൈൻകാടുകൾ, കുണുകൾ, പൂക്കൾ, റാസ്ബെറികൾ. . . . . . . .
. . . . . . . . . . . . . . . . . . . . വഴിക്ക് ഞങ്ങളൊരു ഗ്രാമം കടന്നുപോയി. നിലമുഴുകയും ധാന്യം വിതയ്ക്കുകയും ഉരുളക്കിഴങ്ങും മുട്ടക്കൂസും ബീട്ടൂട്ടും നടുകയും തോട്ടങ്ങളിലും തോപ്പുകളിലും പണിയെടുക്കുന്ന മനുഷ്യരാണ് അവിടെ താമസിക്കുന്നത്. "

വീട്ടിൽ വളർത്താൻ കൊണ്ടുവരുന്ന രണ്ടു ചെന്നായക്കുട്ടികളാണ് ദിയാൻകയും തോംചിക്കും. ഒ. പിറോവ്സ്കയുടെ 'കുട്ടികളും കളിത്തോഴരും' എന്ന പുസ്തകത്തിൽ ചേർത്തിട്ടുള്ള ഈ സഹവർത്തിത്വകഥയുടെ ഒരു ഭാഗം നോക്കാം:

ഒരു വലിയ സംസ്കാരകേന്ദ്രവും വ്യവസായകേന്ദ്രവുമായ അൽമാ-അത്താ ഇപ്പോൾ കസാക്ക് റിപ്പബ്ലിക്കിന്റെ തലസ്ഥാനമാണ്. ടർക്സിബ് റെയിൽപ്പാത സോവിയറ്റ് യൂണിയനിലെ മറ്റെല്ലാ പ്രമുഖ നഗരങ്ങളുമായി ഈ നഗരത്തെ കൂട്ടിയിണക്കുന്നു. വിദൂരസ്ഥിതമായ മോസ്കോയിൽ നിന്നുള്ള ട്രെയിനുകൾ അൽമാ-അത്തായിലെ മനോഹരമായ റെയിൽവേ സ്റ്റേഷനിൽ വന്നുനിൽക്കുന്നത് ഇന്ന് ഒരു സാധാരണ കാഴ്ചയാണ്".

"അസീസ് ഒരു ആട്ടിടയന്റെ പുത്രനാണ്. വേനൽക്കാലത്തും ശൈത്യകാലത്തും മലമുകളിലുള്ള മേച്ചിൽ സ്ഥലങ്ങളിലാണ് അവൻ താമസിക്കുന്നത്. പകൽമുഴുവൻ അവന്റെ അമ്മ തുകലുകൊണ്ടുമറച്ച കൂടാരത്തിനുള്ളിൽ ആഹാരം പാകം ചെയ്യുകയോ വസ്ത്രങ്ങളുടെ കേടുപാടുതീർക്കുകയോ ആയിരിക്കും. വൈകുന്നേരമായാൽ ആട്ടിൻപറ്റത്തെ ആലയ്ക്കുള്ളിൽ കയറ്റുന്നതിന് അവൻ സഹായിക്കും"(അസീസ് )

റഷ്യൻ ബാലസാഹിത്യത്തിലെ കൗതുകകരമായ ഒരു കൃതിയാണ് അച്ഛന്റെ ബാല്യം". അതിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കഥകൾ ലോകത്തുള്ള മുഴുവൻ അച്ഛൻമാരുടെയും ബാല്യകാലാനുഭവങ്ങളായി കൂട്ടിച്ചേർത്തു വായിക്കേണ്ടതാണ്. അത്തരത്തിൽ തുറന്ന, അയവുള്ള ഘടനയാണ് ഈ പുസ്തകത്തിനുള്ളത്. അതിലെ ഓരോ അനുഭവവും ജീവിതകേന്ദ്രിതമായ വിദ്യാഭ്യാസ സങ്കല്പങ്ങളെക്കുറിച്ചുള്ള വീണ്ടുവിചാരങ്ങളിലേക്കാണ് നയിക്കുന്നത്. 'അച്ഛൻ റൊട്ടി വലിച്ചെറിഞ്ഞ കഥ'യിലെ ഒരു സംഭാഷണം ഇതിനെ സാധൂകരിക്കുന്നുണ്ട്. ചെറുപ്പത്തിൽ ഇഷ്ടമില്ലാതെ റൊട്ടി വലിച്ചെറിഞ്ഞ അച്ഛനോട് ആയ പറയുന്ന രീതിയിലാണ്. ആഖ്യാനം നിർവ്വഹിച്ചിട്ടുള്ളത്.

"നീ വലിച്ചെറിഞ്ഞത് വെറും ഒരു കഷണം റൊട്ടിയാണെന്നാണ് നിന്റെ വിചാരം. എന്നാൽ അത് ശരിയല്ല. നീ വലിച്ചെറിഞ്ഞത് എന്താണെന്ന് ഞാൻ പറഞ്ഞുതരാം. ഞാൻ കുട്ടിയായിരുന്ന കാലത്ത് ഒരു കഷണം റൊട്ടിയ്ക്കുവേണ്ടി ഒരു ദിവസം മുഴുവൻ വാത്തകളെ തെളിച്ചുകൊണ്ട് നടന്നിട്ടുണ്ട്. ഒരു തണുപ്പുകാലത്ത് ഞങ്ങളുടെ ധാന്യം മുഴുവൻ തീർന്നു. നിന്നെക്കാൾ ചെറുതായിരുന്ന എന്റെ കൊച്ചനുജൻ അന്ന് പട്ടിണി കൊണ്ട് മരിച്ചു. ആരെങ്കിലും ഒരു കഷണം റൊട്ടി കൊടുത്തിരുന്നെങ്കിൽ അവൻ മരിക്കുകയില്ലായിരുന്നു. എഴുതാനും വായിക്കാനുമൊക്കെ നിന്നെ പഠിപ്പിക്കുന്നുണ്ട്. പക്ഷെ റൊട്ടി എവിടെനിന്ന് ഉണ്ടാകുന്നു എന്ന് നിന്നെ ആരും പഠിപ്പിക്കുന്നില്ല. മനുഷ്യർ എല്ലുമുറിയെ ജോലി ചെയ്തിട്ടാണ് ധാന്യം വിളയിക്കുന്നതും അത് പൊടിച്ചു റൊട്ടിയുണ്ടാക്കുന്നതും. എന്നിട്ട് നീയത് വലിച്ചെറിയുന്നു. നിനക്ക് നാണമില്ലേ?(അച്ഛൻ റൊട്ടി വലിച്ചെറിഞ്ഞ കഥ)

ഓരോ കഥയിൽനിന്നും പലതരത്തിലുള്ള ജീവിതോർജ്ജമാണ്

പ്രസരിക്കുന്നത്. റഷ്യൻ ബാലകഥകൾ വിവർത്തനം ചെയ്യപ്പെടുന്ന കാലയളവിൽ കേരളത്തിലെ നാടോടിക്കഥകളിലും ഐതിഹ്യങ്ങളിലും മുത്തശ്ശിക്കഥകളിലുമെല്ലാം മായിക ഭാവനകളും നിഗൂഢതകളും ജാതീയമായ സങ്കല്പങ്ങളും നിലനിന്നിരുന്നു. പണ്ട്പണ്ട്, ഒരിക്കൽ, ഒരിടത്ത് എന്നിങ്ങനെ ദേശകാലാതീതമായ, കഥയിൽ ചോദ്യമില്ലെന്ന യുക്തി പ്രവർത്തിക്കുന്ന ആഖ്യാനമാതൃകളാണ് ഇവിടെ ഉണ്ടായിരുന്നത്. മതപരമായ ആചാരാനുഷ്ഠാനങ്ങൾ ശക്തമായിരുന്ന ഒരു ദേശസംസ്കാരത്തിലേക്കാണ് വിമതസ്വഭാവത്തോടുകൂടിയ അടിമുടി ഭൗതികതയിൽ പുലരുന്ന റഷ്യൻ ബാലലോകങ്ങൾ എത്തിച്ചേർന്നത്. കേരളത്തിൽ ശാസ്ത്രാധിഷ്ഠിതമായ ഭാവനകൾ രൂപപ്പെടുന്നതിൽ റഷ്യൻ ബാലസാഹിത്യം അബോധാത്മകമായി ഇടപെട്ടിട്ടുണ്ട്. "അപ്പൂപ്പന്റെ വീട്ടിൽ"എന്ന കഥയിലെ ചില ഭാഗങ്ങൾ കൃത്യമായി അന്ധവിശ്വാസങ്ങളെ അധ്വാനം കൊണ്ട് നിരാകരിക്കുന്നുണ്ട്. ഒരു വേനൽക്കാലത്ത് രണ്ടു കുട്ടികൾ അവരുടെ അപ്പൂപ്പന്റെ വീട്ടിൽ വെക്കേഷൻ ആഘോഷിക്കാൻ പോകുന്നു. അതിൽ അനുജനായ ഷൂറിക് മഹാകുസൃതിയാണ്. ചേട്ടൻ ചെയ്യുന്ന എല്ലാ കാര്യങ്ങളും വെറുതെ ഓരോന്ന് പറഞ്ഞു തടസ്സപ്പെടുത്തിക്കൊണ്ടിരിക്കും. ഒരു ദിവസം അവൻ മീൻപിടിക്കാൻ അടുത്തുള്ള കുളത്തിൽ എത്തുന്നു. ഷൂറിക് തന്റെ സ്വതസിദ്ധമായ ശൈലിയിൽ ശല്യം ചെയ്യുന്നുണ്ട്. അവൻ മന്ത്രവാദം ചെയ്തിട്ടുണ്ടെന്നും അതുകൊണ്ട് മീനുകളെല്ലാം പറന്നുപോകുമെന്ന് പറഞ്ഞ് ചേട്ടനെ നിരുത്സാഹപ്പെടുത്തി. ഉച്ചവരെ ചൂണ്ടയിട്ടിട്ടും ഒരു മീനിനെപ്പോലും ലഭിക്കാതെ നിരാശനാകുന്ന അവനോടു ആ കുളത്തിൽ മീനില്ലാത്തതുകൊണ്ടാണ് കിട്ടാത്തതെന്നും ചൂണ്ടയിടേണ്ടത് എവിടെയാണെന്നും അപ്പൂപ്പൻ പറഞ്ഞു കൊടുക്കുന്നുണ്ട്. അത്തവണ ഷൂറികിന്റെ മന്ത്രവാദത്തെയെല്ലാം മറികടന്ന് നിറയെ മീനുകളുമായി വീടെത്തുമ്പോഴുള്ള സംഭാഷണം പ്രധാനമാണ്.

"കണ്ടില്ലേ നീ മന്ത്രവാദം ചെയ്തിട്ട്? നിന്റെ മന്ത്രവാദത്തിന് ഒരർത്ഥവുമില്ല. എനിക്ക് മന്ത്രവാദത്തിൽ വിശ്വാസമില്ല"

"എനിക്ക് വിശ്വാസമുണ്ടെന്നാണോ നീ ധരിച്ചത്?കണ്ട കാട്ടുജാതിക്കാരും വയസ്സുചെന്ന തള്ളമാരുമൊക്കെയാണ് അതിൽ വിശ്വസിക്കുന്നത്. "

അമ്മൂമ്മ ഇതുകേട്ട് ചിരിച്ചു. വയസ്സു ചെന്നെങ്കിലും അമ്മൂമ്മയ്ക്കും മന്ത്രവാദത്തിൽ വിശ്വാസമില്ലായിരുന്നു. '

റഷ്യൻ സാഹിത്യത്തോട് മലയാളിക്കുള്ള അഭിനിവേശത്തിന്റെ തെളിവാണ് 2013 ൽ മരിയ റോസ് ആരംഭിച്ച'ആ പഴയ റഷ്യൻ പുസ്തകങ്ങൾ' എന്ന പേരിലുള്ള ഫേസ്ബുക്ക് പേജ്. സംഭവബഹുലമായ പരിവർത്തനങ്ങൾ നടന്ന ദേശത്തുനിന്ന് വർണ്ണശബളമായ കടലാസുകളിൽ, ഉയർന്ന നിലവാരത്തിൽ ഇറങ്ങിക്കൊണ്ടിരുന്ന കഥകളും നോവലുകളും കവിതകളും ഒന്നും ഒരു കാലത്തിന്റെ മാത്രം ആനന്ദമായി അവശേഷിക്കരുതെന്ന ആഹ്വാനം ഇത്തരം നിസ്വാർത്ഥ ശ്രമങ്ങളിലുണ്ട്. റഷ്യൻ ബാലസാഹിത്യത്തിന്റെ ആകർഷണീയതയ്ക്ക് അടിസ്ഥാനം അതിന്റെ വശ്യമായ നിർമ്മാണരീതി മാത്രമായിരുന്നില്ല. ലഭ്യത കൂടിയായിരുന്നു. ഇവയെല്ലാംതന്നെ കുറഞ്ഞ ചിലവിൽ ലഭിക്കുന്ന പുസ്തകങ്ങളായിരുന്നു.




സാമ്പത്തികപരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഭാവനാലോകം വിസ്തൃതമാക്കാനാഗ്രഹിച്ച കുട്ടികൾക്കും കൗമാരക്കാർക്കും ഇവ അക്ഷരാർത്ഥത്തിൽ സർഗ്ഗാത്മകമായ സമ്മാനപ്പൊതികൾതന്നെയായിരുന്നു. വ്യത്യസ്തമായ സാഹചര്യങ്ങളിൽ ആഖ്യാനരൂപങ്ങളിൽ ചിത്രീകരിക്കപ്പെട്ട കൃതികളുടെ ഈ മാതൃകകളിൽ സംഘസത്തയുടെ സംസ്കാരം, ഉല്പാദനം, വിതരണം, വിഭവസമാഹരണം, തൊഴിൽ മഹത്വം, ജൈവസമൃദ്ധി, രാഷ്ട്രീയ കാലാവസ്ഥ, ജീവിത ദർശനം എന്നിങ്ങനെ അനേകം കുട്ടിവായനകൾ സാധ്യമാണ്. യാഥാർത്ഥ്യങ്ങളെ മുഖാമുഖം കണ്ടുകൊണ്ട് ഭാവനാത്മകമാകുക. മണ്ണിൽ വേരുകളാഴ്ത്തി, ആകാശത്തിലേക്കുയർന്ന്, വശങ്ങളിലേക്ക് പടർന്ന് മനുഷ്യർക്ക് തണലും സ്വപ്നവുമാവുക.


റഫറൻസ്

1. വാളമീൻ കൽപിക്കുന്നു, ഞാൻ ഇച്ഛിക്കുന്നു, പി. കെ. രാജശേഖരൻ, mathrubhumi. com Jan 9, 2014

2. ഇനിയും വായിക്കാം ആ പഴയ റഷ്യൻ പുസ്തകങ്ങൾ, അശ്വിനി. കെ. പി, mathrubhumi. com, 12 Aug, 2018

3. മലയാള സാഹിത്യത്തിലെ റഷ്യൻ യുഗം, ഐസക് ഈപ്പൻ, സമകാലിക മലയാളം വാരിക, മെയ് 17, 2019

4. Russian Children's Literature And Culture, Edited by Marina Balina And Larissa Rudovc, Routldge, 2010

5. Russian Children's Literature Before and After perestroika, Maria Nikolajeva, Children's Literature Association Quarterly Johns Hopkins University Press, Vol-20, Number 3, Fall 1995

6. Children's Literature in the First Decades of the Soviet Era, Irina Arzamastseva, the 37th IBBY World Congress in

**ഡോ. ഇന്ദുലാൽ ജി.**
സെൻറ് അലോഷ്യസ് കോളേജ്, എടത്വാ

## ഗണിതപ്രതിഭകൾ
### ഭാഗം - 6

# എവറിഷ് ഗലോവി

പത്തൊൻപതാം നൂറ്റാണ്ടിലെ മഹാപ്രതിഭകളിലൊരാളായ ഏബലിനു സമകാലികനായി 1811-ൽ ജനിച്ച എവറിഷേ ഗലോവിക്ക് ബൗദ്ധികതയുടേയും വിദ്യാസമ്പന്നതയുടേയും പൈതൃകമായിരുന്നു കൈമുതൽ. ഫ്രാൻസിലെ രാഷ്ട്രീയ അസ്വാസ്ഥ്യങ്ങളുടെ നടുവിൽ ജനിച്ച് ഗലോവിക്ക് 12 വയസ്സുവരെ സ്വന്തം അമ്മതന്നെയായിരുന്നു ഗുരു. വിവിധഭാഷകളും ശാസ്ത്രവിഷയങ്ങളും ഇതിനോടകം പഠിച്ച ഗലോവിയായിരുന്നു ആ കുടുംബത്തിൽ ഗണിതവഴിയിലൂടെ സഞ്ചരിച്ച് ആദ്യത്തെ ആൾ.

ഫ്രഞ്ച് വിപ്ലവത്തിനു തുടക്കമിട്ട ബാസ്റ്റില്ലയിലെ ജയിലാക്രമണത്തിനു ശേഷമുള്ള ഫ്രാൻസിലെ കലുഷിതാവസ്ഥയിൽ ലൂയിസ് പതിനാറാമന്റെ ഭരണത്തിൻ കീഴിൽ ഫ്രാൻസ് അതീവഗുരുതരമായ സാമ്പത്തികപ്രതിസന്ധിയിലായിരുന്നു. നാട്ടിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിലെല്ലാം അസ്വസ്ഥഭരിതരായ യുവാക്കൾ ഗവണ്മെന്റിനെതിരേ സമരപരിപാടികൾ ആസൂത്രണം ചെയ്യുന്ന കാലമായിരുന്നു അത്. 1793ൽ ലൂയിസ് പതിനാറാമന്റെ വധത്തെത്തുടർന്ന് നെപ്പോളിയൻ ബോണപ്പാർട്ടിന്റെ ഭരണത്തിൽ ഫ്രാൻസ് നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കാൻ ആരംഭിച്ചു. 1814 ഓടെ നെപ്പോളിയൻ ഭരണമൊഴിയുകയും ലൂയിസ് പതിനെട്ടാമൻ ബാഹ്യശക്തികളുടെ പിന്തുണയോടെ അധികാരത്തിലെത്തുകയും ചെയ്തു. ഇതിനെത്തുടർന്ന് 1815 ൽ നെപ്പോളിയൻ വീണ്ടും അധികാരത്തിലെത്താൻ ശ്രമിക്കുകയും പ്രസിദ്ധമായ വാട്ടർലൂ യുദ്ധത്തിൽ പരാജയപ്പെടുകയും വീണ്ടും ലൂയിസ് പതിനെട്ടാമൻ അധികാരത്തിലെത്തുകയും ചെയ്തു. ഗലോവി ജനിച്ച 1811 ലെ ഫ്രാൻസിന്റെ ഒരു നേർച്ചിത്രമാണു നാം കണ്ടത്. ഈ രാഷ്ട്രീയ അനിശ്ചിതത്വങ്ങൾ യുവജനങ്ങളെ പക്ഷം ചേരാൻ പ്രേരിപ്പിക്കുകയും പലരും സർക്കാരിനെതിരേ പ്രവർത്തിക്കുകയും ചെയ്തു.

1827 ൽ വെർണിയർ എന്ന ഗണിതജ്ഞനുമായുണ്ടായ പരിചയം ഗലോവിയുടെ ജീവിതത്തിലെ വഴിത്തിരിവായി. ഗണിതപഠനത്തിൽ ശ്രദ്ധപതിപ്പിക്കാനും നാട്ടിലെ അസ്വസ്ഥതാജന്യമായ പ്രവർത്തനങ്ങളിൽനിന്ന് ഒഴിഞ്ഞുനില്ക്കാനും ഈ പരിചയം ഗലോവിയെ സഹായിച്ചു. ഗണിതത്തിന്റെ ഉയർന്ന മേഖലകളിൽ മാത്രമേ ഈ വിദ്യാർത്ഥിക്കു താല്പര്യമുള്ളൂ എന്നും ആയാളുടെ പഠനം സാധാരണവിദ്യാർത്ഥികളിൽനിന്നും ഭിന്നമാണ് എന്നും അദ്ധ്യാപകരെക്കൊണ്ടു പരാതിയുടെ സ്വരത്തിൽ അഭിനന്ദനക്കുറിപ്പുകളെഴുതിക്കും വിധം ഗലോവി അക്കാലത്തെ പ്രഗത്ഭരായ ലഗാഞ്ച് ജയുടേയും ലെജൻഡറുടേയും ഗണിതവഴികളിലൂടെ ആഴത്തിലും പരപ്പിലും പഠനഗവേഷണങ്ങളാരംഭിച്ചു. മൗലികമായ ഗണിതരീതികളാൽ ആ ചെറുപ്രായത്തിൽത്തന്നെ അക്കാലത്തെ ഗണിതജ്ഞരുടെ നിരയിലേക്കുയരാൻ ഗലോവിക്കായി.



പതിനാറാമത്തെ വയസ്സിൽ ഫ്രാൻസിലെ അന്നത്തെ ഏറ്റവും പ്രശസ്തമായ ഇക്കോളെ പോളി ടെക്നിക്കിൽ പ്രവേശനത്തിനു ശ്രമിച്ചെങ്കിലും ഉയർന്ന ഗണിത മേഖലകളിൽ മാത്രമുണ്ടായിരുന്ന ഗലോവിയുടെ ശ്രദ്ധ താരതമ്യേന ലളിതമായ പ്രവേശനപ്പരീക്ഷയിൽ അദ്ദേഹത്തിനു തുണയായില്ല. അതിനെത്തുടർന്ന് പ്രവേശനപരീക്ഷയിൽ പരാജയപ്പെട്ട ഗലോവി ലെജൻഡറുടേയും ലഗാണ് ജയുടേയും ഗണിതവഴികളിലെ തന്റെ പഠനം കൂടുതൽ മികവോടെ തുടർന്നു.

പതിനേഴാമത്തെ വയസ്സിൽ ആദ്യഗണിതപ്രബന്ധം പ്രസിദ്ധീകരിച്ച ഗലോവിക്ക് തന്റെ പഠനവഴികളിൽ എക്കാലവും തുണയായിരുന്ന പിതാവിന്റെ ആകസ്മികമായ അന്ത്യം മാനസികവും സാമ്പത്തികവുമായ വലിയ ആഘാതമായി. അതിൽ നിന്ന് തന്റെ ഇച്ഛാശക്തികൊണ്ടു കരകയറിയ ഗലോവി തന്റെ പഠനനിരീക്ഷണങ്ങൾ അക്കാലത്തെ മുൻനിരഗണിതജ്ഞനായ അഗസ്റ്റസ് കോഷിക്ക് അയച്ചുകൊടുത്തെങ്കിലും ഗലോവിയുടെ നിരീക്ഷണങ്ങൾ ഏബലിന്റെ അതേ പാതയിലുള്ളതാണെന്നും അതിൽ വലിയ പുതുമ അവകാശപ്പെടാനില്ലെന്നും കണ്ടെത്തിയ കോഷി, ഈ നിരീക്ഷണങ്ങൾക്ക് വലിയ പ്രാധാന്യം നല്കിയില്ല. അതിനെത്തുടർന്ന് എലിപ്റ്റിക് ഫങ്ങ്ഷൻ, അബീലിയൻ ഇന്റഗൽസ് എന്നിവയിൽ മുന്നേറിയ ഗലോവി തന്റെ പഠനപ്രബന്ധം ഫ്രാൻസ് അക്കാദമിയുടെ ഗ്രാൻഡ് പ്രസിനു പരിഗണിക്കാനായി അയച്ചുകൊടുത്തു. എന്നാൽ ഈ സമ്മാനം എല്ലിപ്റ്റിക് ഫങ്ങ്ഷനിൽ ഗവേഷണം ചെയ്യുന്ന ജക്കോബിക്കും എബലിനു മരണാനന്തരബഹുമതിയായും സമ്മാനിക്കപ്പെട്ടതറിഞ്ഞ ഗലോവി നിരാശനായി. ഗഹനവും ഉന്നതവുമായ ഗണിതവഴികളിലൂടെ ബഹുദൂരം സഞ്ചരിച്ചിട്ടും തന്റെ ഉള്ളിലുള്ള ആശയങ്ങളെ പറഞ്ഞോ എഴുതിയോ മറ്റുള്ളവരെ അറിയിക്കുന്നതിൽ ഗലോവിക്കു പാടവം കുറവായിരുന്നു.

ഒരു ബഹുപദ ഗണിതസമവാക്യത്തെ (polynomial equation), അതെഴുതാൻ ഉപയോഗിച്ച പദങ്ങൾകൊണ്ടുമാത്രം നിർദ്ധാരണം ചെയ്യാനാകുമോ എന്നത് നൂറ്റാണ്ടുകളായി ഗണിതജ്ഞരെ കുഴക്കിയ പ്രശ്നമായിരുന്നു. ഉദാ: 2x–3=0 എന്ന ഏകമാന(first degree) സമവാക്യത്തിനെ നിർദ്ധാരണം ചെയ്താൽ, അതായത് x ന്റെ വില കണ്ടുപിടിച്ചാൽ അത് x=3/2 എന്നതാണല്ലോ. അതേപോലെ ദ്വിമാന(quadratic), ത്രിമാന(cubic), ചതുർമാന(bi-quadratic) സമവാക്യങ്ങളിലെ x ന്റെ വിലയും ആ സമവാക്യത്തിലെ പദങ്ങളുപയോഗിച്ച് എഴുതാവുന്നതാണ്. ഇത്തരത്തിലുള്ള സമവാക്യങ്ങളെ solvable by radicals എന്നാണു പറയുക.

ഇതല്ലാതെ ഡിഗ്രി കൂടിയ മറ്റു സമവാക്യങ്ങൾ ഈ ഗണത്തിൽ പെടുന്നതാണോ എന്നതായിരുന്നു ഗണിതലോകത്തെ കുഴക്കിയ പ്രശ്നം. ഗണിതലോകത്തെ അതികായരായിരുന്ന ന്യൂട്ടനും ലെബനിസിനും സാധിക്കാതിരുന്ന ഇതിന്റെ പരിഹാരമാർഗം ഗലോവി തന്റെ പതിനഞ്ചാമത്തെ വയസ്സിൽ സാധിതമാക്കി. ഒരു ഗണിതസമവാക്യത്തിന്റെ ഡിഗി അഞ്ചോ അതിൽക്കൂടുതലോ ആണെങ്കിൽ അത് solvable by radicals അല്ല എന്ന് ഗലോവി തെളിയിച്ചു.

ഗലോവിയുടെ കാലത്തെ ഫ്രാൻ

സിന്റെ ചിത്രം എന്തെന്ന നാം കണ്ടുകഴിഞ്ഞു. അന്നത്തെ രാഷ്ട്രീയകോലാഹലങ്ങളിൽ ഒട്ടുമേ ശ്രദ്ധിക്കാതെ പഠനഗവേഷണങ്ങളിൽ മുഴുകി മുന്നോട്ടുപോയെങ്കിലും അർഹിക്കുന്ന പരിഗണനയോ ശ്രദ്ധയോ എങ്ങുനിന്നും ലഭിക്കാതിരുന്നത് ഗലോവിയെ പാടേ നിരാശനാക്കി. അക്കാരണത്താൽ ഉള്ളിലുണ്ടായ അസ്വസ്ഥതകൾക്ക പരിഹാരമെന്ന നിലയിൽ ഗലോവി ഫ്രാൻസിലെ രാഷ്ട്രീയരംഗത്ത് ഇടപെടാൻ തീരുമാനിച്ചു. ഇത് ഗണിതലോകത്തുനിന്ന് ഗലോവിയുടെ പഠനതാല്പര്യങ്ങളെ പിന്നാക്കം വലിച്ചു.

1831 ഓടെ തന്റെ അപക്വഭാഷയിലൂടെ രണ്ടു ഗവേഷണപ്രബന്ധങ്ങൾകൂടെ പ്രസിദ്ധീകരിച്ച ഗലോവി മുഴുവൻസമയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. വിദ്യാർത്ഥിയെന്ന നിലയിൽ ഗലോവിയുടെ അസഹനീയമായ രാഷ്ട്രീയജ്വരം അദ്ദേഹത്തെ കലാലയത്തിൽനിന്ന് പുറത്താക്കുന്നതിൽവരെയെത്തിച്ചു. 1831 അവസാനം ലൂയിസ് ഫിലിപ്പ് രാജാവിനെതിരേ ഭീഷണിയുയർത്തി പൊതുവേദിയിൽ സംസാരിച്ചെന്ന കുറ്റത്തിനു ഗലോവി ജയിലിലടയ്ക്കപ്പെട്ടു. സാക്ഷികളില്ലാത്തതിന്റെ പേരിൽ പിന്നീടു വിട്ടയക്കപ്പെട്ടെങ്കിലും ഗലോവി ജീവിതനൈരാശ്യത്താൽ ആകെ വലയുന്ന സമയമായിരുന്നു അത്. അധികം താമസിയാതെ ഫ്രഞ്ചുവിപ്ലവത്തിന്റെ മൂലകേന്ദ്രമായ ബാസില്ലയിലെക്ക് ആയുധം കടത്തിയെന്ന കുറ്റമാരോപിക്കപ്പെട്ടതിന്റെ പേരിൽ ഗലോവി വീണ്ടും ജയിലിലായി. തന്റെ അവസാന ഗണിതപ്രബന്ധം പ്രസിദ്ധീകരണയോഗ്യമല്ലെന്ന കാരണം പറഞ്ഞു നിരസിച്ച് വിവരമറിഞ്ഞ ഗലോവി വീണ്ടും നിരാശയുടെ പടുകുഴിയിലായി. ജയിലിൽ വച്ച് ഗലോവി ആത്മഹത്യയ്ക്ക ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു.

1832 ൽ ജയിൽ മാറ്റപ്പെട്ട ഗലോവി പുതിയ ജയിലിലെ ഡോക്ടറുടെ മകളായ സ്റ്റെഫാനിയുമായി പ്രേമത്തിലായി. എന്നാൽ



വെർണിയർ

ഗലോവിയുടെ പശ്ചാത്തലമറിഞ്ഞ സ്റ്റെഫാനി ഈ പ്രേമബന്ധത്തിൽ നിന്നു പിന്മാറി. സ്വതവേ ആകെ തകർന്നിരുന്ന ഗലോവി സ്റ്റെഫാനിയുടെ പിന്മാറ്റത്തോടെ പൂർണ്ണമായും ജീവിതവിരക്തിയുള്ളവനായി. സ്റ്റെഫാനിയുടെ പേരിൽ 1832, മെയ് 30 ന ഹെർബിൻവില്ലി എന്നയാളുമായി ഗലോവി ദ്വന്ദ്വയുദ്ധത്തിലേർപ്പെട്ടു. യതൊരാളുമായും ശാരീരികാക്രമണത്തിനുള്ള മനസ്സോ ശേഷിയോ ഇല്ലാതിരുന്ന ഗലോവിക്ക് ഈ യുദ്ധത്തിൽ പിടിച്ചുനില്ക്കാനായില്ല. തോൽവി ഉറപ്പാക്കിയ ഗലോവി അന്നത്തെ രാത്രിയിൽ ഗണിതശാസ്ത്രത്തിൽ താൻ അന്നുവരെ കണ്ടുപിടിച്ച വസ്തുതകളെല്ലാം വരുംലോകത്തിനായി എഴുതിവച്ചു. ഗ്രൂപ്പ് തിയറിയുമായും സമവാക്യനിർദ്ധാരണവുമായും ബന്ധപ്പെട്ട എല്ലാ അറിവുകളുടേയും രേഖപ്പെടുത്തലിനുശേഷം പിറ്റേദിവസത്തെ  മൽപ്പിടുത്തത്തിൽ ഗലോവി ഗുരുതരമായ പരിക്കുകളോടെ ആസ്പത്രിയിലായി. തന്റെ ഇരുപതാമത്തെ വയസ്സിൽ മരിക്കാനുള്ള സകല ധൈര്യവും തനിക്കുണ്ടെന്ന് സഹോദരനെ ആശ്വസിപ്പിച്ച ഗലോവി, ഏതാണ്ട് 350 വർഷത്തോളം കാലം ഗണിതലോകത്തെ കുഴക്കിയ സമവാക്യനിർദ്ധാരണസമസ്യയുടെ ഉത്തരം പ്രസിദ്ധീകരിക്കുന്നതോ, ലോകം അതു വാഴ്ത്തുന്നതോ കാണാ




നുള്ള ഭാഗ്യമില്ലാതെ 1832 മേയ് 31 ഈ ലോകത്തുനിന്ന് യാത്രയായി.

ഗലോവിയുടെ മരണശേഷം അദ്ദേഹത്തിന്റെ സഹോദരൻ ആൽഫ്രഡ് ഗലോവിയും ഷെവലിയർ എന്ന സുഹൃത്തും ഗലോവി എഴുതി സൂക്ഷിച്ചിരുന്ന ഗണിതഗവേഷണഫലങ്ങൾ പ്രസിദ്ധീകരിക്കാൻ ആരംഭിച്ചു. ഈ ഗണിതഫലങ്ങൾ സൂക്ഷ്മപരിശോധനകൾക്കും വിലയേറിയ നിർദ്ദേശങ്ങൾക്കുമായി കാൾ ഫ്രഡറിക് ഗോസ്സിന് അയച്ചുകൊടുത്തെങ്കിലും യുവഗണിതകാരന്മാരെ യാതൊരുതരത്തിലും പ്രോത്സാഹിപ്പിക്കില്ല എന്ന നിലപാടുമൂലം കുപ്രസിദ്ധനായ ഗോസ് ഏബലിന്റെ കാര്യത്തിലെന്നപോലെ ഗലോവിയുടെ നേട്ടങ്ങളിലും താൽപര്യം കാണിച്ചില്ല. സമകാലികനും എലിപ്റ്റിക് ഫങ്ങ്ഷനുകളിൽ ഗണ്യമായ പുരോഗതി കൈവരിച്ചവനുമായ ജക്കോബി അക്കാലത്തെ ഗണിതകാരന്മാരുടെയിടയിൽ നിലനിന്ന സ്വാഭാവികമായ അസൂയയാൽ ഗലോവിയുടെ രചനകളെ പരിഗണിച്ചതേയില്ല. അതിനുശേഷം ഗലോവിയുടെ ഗണിതഫലങ്ങൾ പഠിക്കാനിടയായ അദ്ദേഹത്തിന്റെ സമപ്രായക്കാരൻകൂടെയായ ലയവില്ലി 1843 ൽ ഗലോവിയുടെ മൗലികപ്രതിഭ തിരിച്ചറിയുകയും അദ്ദേഹത്തിന്റെ ഗണിതനേട്ടങ്ങളെ ലോകത്തെ അറിയിക്കുകയും ചെയ്തു. അമൂർത്ത ബീജഗണിതത്തിൽ (Abstract Algebra} വലിയ നാഴികക്കല്ലാകുന്ന ഗ്രൂപ്പ് സിദ്ധാന്തങ്ങളും ഗലോവിയുടെ സമവാക്യനിർദ്ധാരണത്തിനു പിന്നിലെ ഗണിതശാസ്ത്രീയതയും ഫ്രാൻസ് അക്കാദമി വഴിയായി ലയവില്ലി പ്രചരിപ്പിച്ചു. ഗലോവി സിദ്ധാന്തമെന്നു (Galois Theory} പിന്നീടറിയപ്പെട്ട ഇവയാണ് ഗണിതത്തിന്റെ ആധുനികാടിസ്ഥാനശിലയായി കരുതപ്പെടുന്നത്. 1850 കളോടെ ഗലോവിയുടെ ഗണിതസിദ്ധാന്തങ്ങൾ അക്കാലത്തെ ഉന്നതഗണിത വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ ഭാഗമാകുകയും ഗലോവിയുടെ വഴിയിലൂടെ ഗണിതം സഞ്ചരിക്കാൻ തുടങ്ങുകയുംചെയ്തു. ഗലോവി തുടങ്ങിവച്ച പഠനങ്ങൾ പിന്നീട് റെയ്മൻ, ഹെർമൈറ്റ്, ജോർദാൻ എന്നിവർ കൂടുതൽ ശാസ്ത്രീയമായി വിശദീകരിച്ചു. ഗണിതത്തിന് ആധുനികമുഖം നല്കിയ ഗണിതകാരനെന്ന നിലയിലും പഠിക്കാനും അറിയാനും ഇനിയുമേറെ അറിവുകൾ നല്കിയ ആൾ എന്ന നിലയിലും ഗലോവിയെ അത്യാദരവോടെയേ ഓർമ്മിക്കാനാകൂ.

References

1. John Stillwell, Mathematics and Its History, Springer, 2010

2. Simon Gindikin , Tales of Mathematicians and Physicists, Springer, 2007

3. Roger Cooke , The History of Mathematics – A Brief Course, Wiley Interscience, 2005

4. Steven G. Krantz, An Episodic History of Mathematics, 2006

**ഡോ. നിഷാന്ത് ടി.**
ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ

# കാഷ്വൽ ലീവുകൾ: ഒരാമുഖം

കേരള സർവീസ് റൂളിലെ (KSR) പാർട്ട് 1ൽ ചട്ടം 61 മുതൽ 124 വരെയുള്ള ചട്ടങ്ങളാണ് വിവിധതരം ലീവുകളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നത്. കൃത്യനിർവഹണത്തിൽ നിന്നും അംഗീകാരത്തോടു കൂടി വിട്ടു നിൽക്കുന്ന കാലയളവിനെയാണ് ലീവ് അല്ലെങ്കിൽ അവധി എന്നു പറയുന്നത്. സർക്കാർ ജീവനക്കാർ അത്യാവശ്യം അറിഞ്ഞിരിക്കേണ്ട ഒന്നാണ് വിവിധതരം ലീവുകൾ. ലീവുകളെ പ്രധാനമായും വേതനത്തോടു കൂടിയുള്ള അവധികൾ എന്നും വേതനം ഇല്ലാതെയുള്ള (ശൂന്യവേതന) അവധികൾ എന്നും രണ്ടായി തരം തിരിക്കുന്നുണ്ട്. അധ്യാപകർക്കു വേതനത്തോടു കൂടി ലഭിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു അവധിയാണ് കാഷ്വൽ ലീവുകൾ. ആകസ്മിക അവധി അല്ലെങ്കിൽ യാദൃശ്ചിക അവധി എന്ന പേരിലും ഇത് അറിയപ്പെടുന്നു. KSR ലെ appendix 7 ലാണ് കാഷ്വൽ ലീവുകളെ കുറിച്ച് പ്രതിപാദിക്കുന്നത്. Appendix 7 ന് മൂന്ന് സെക്ഷനുകളാണുള്ളത്. ഇതിൽ സെക്ഷൻ 1 ൽ കാഷ്വൽ ലീവുകളെ കുറിച്ചും, സെക്ഷൻ 2 ൽ സ്പെഷ്യൽ കാഷ്വൽ ലീവുകളെ കുറിച്ചും സെക്ഷൻ 3 ൽ കോംപൻസേഷൻ ലീവുകളെ കുറിച്ചും പ്രതിപാദിക്കുന്നുണ്ട്.

അധ്യാപക ജീവനക്കാർക്ക് ഒരു കലണ്ടർ വർഷത്തിൽ (ജനവരി മുതൽ ഡിസംബർ വരെ) 15 കാഷ്വൽ ലീവുകളാണ് അനുവദനീയമായിട്ടുള്ളത്. നവംബറിൽ സർവീസിൽ കയറിയ ഒരാൾക്കും മാർച്ചിൽ സർവീസിൽ നിന്ന് റിട്ടയർ ചെയ്യുന്ന ഒരാൾക്കും പ്രിൻസിപ്പാളിന്റെ തീരുമാനപ്രകാരം മുഴുവൻ കാഷ്വൽ ലീവുകളും ലഭിക്കാവുന്നതാണ്. മറ്റുള്ള ലീവുകളിൽ നിന്ന് വ്യത്യസ്തമായി അർധ ദിവസങ്ങളിലും (രാവിലെ അല്ലെങ്കിൽ വൈകുന്നേരം) എടുക്കാവുന്നതാണ് കാഷ്വൽ ലീവുകൾ . ഡ്യൂട്ടിക്ക് സമാനമായുള്ള ലീവുകളായാണ് കാഷ്വൽ ലീവുകളെ കണക്കാക്കുന്നത്. Appendix 7 ലുള്ള ഒരു അനുബന്ധ ലീവായതിനാൽ കാഷ്യൽ ലീവുകൾ ഒരു കാരണവശാലും മറ്റുള്ള ലീവുകളോട് ചേർന്ന് എടുക്കുവാൻ സാധിക്കുന്നതല്ല. അതായത്. Half pay leave, commuted leave, earned leave, maternity leave, paternity leave തുടങ്ങി മറ്റുള്ള eligible ലീവുകളോട് ചേർത്തു കൊണ്ട് casual leave കൾ എടുക്കുവാൻ സാധിക്കുന്നതല്ല. ഇങ്ങനെയുള്ള ലീവുകളോട് ചേർത്ത് casual leave കൾ എടുക്കുകയാണെങ്കിൽ സ്വാഭാവികമായും casual leave കൾ മുകളിൽപ്പറഞ്ഞ മറ്റുള്ള ലീവുകൾ ആയി മാറുന്നതായിരിക്കും. എന്നാൽ അവധി ദിവസങ്ങളോടും വെക്കേഷനുക



ളോടും ചേർന്ന് casual leave കൾ എടുക്കാമെങ്കിലും സ്ഥാപനത്തിൽ നിന്നും തുടർച്ചയായി 15 ദിവസത്തിലധികം മാറിനിൽക്കുവാൻ പാടുള്ളതല്ല. അവധി ദിവസങ്ങളോട് (ശനി, ഞായർ) ചേർന്നുള്ള ദിവസങ്ങളിൽ (വെള്ളി, തിങ്കൾ ദിവസങ്ങളിൽ) casual leave കൾ എടുക്കുകയാണെങ്കിൽ ലീവ് എടുത്തിരിക്കുന്ന രണ്ടു ദിവസങ്ങളിൽ മാത്രമായിരിക്കും കാഷ്വൽ ലീവ് ആയിരിക്കുക. നേരെ മറിച്ച്, മറ്റുള്ള ലീവുകൾ ഇങ്ങനെയുള്ള ദിവസങ്ങളിൽ എടുക്കുകയാണെങ്കിൽ അവധി ദിവസങ്ങളും (ശനി, ഞായർ) എടുത്തിരിക്കുന്ന അവധിയോട് ചേർന്നു പോകുന്നതായിരിക്കും.  വെക്കേഷൻ ലഭിക്കാത്ത മറ്റുള്ള ജോലികളിലേക്ക് അദ്ധ്യാപകർ ഡെപ്യൂട്ടേഷനിൽ പോവുകയാണെങ്കിൽ ഒരു കലണ്ടർ വർഷത്തിൽ 20 കാഷ്വൽ ലീവുകൾ ലഭിക്കുന്നതാണ്.

KSR ലെ appendix 7 ൽ section 2 ൽ പ്രതിപാദിക്കുന്നതാണ് സ്പെഷ്യൽ കാഷ്വൽ ലീവുകൾ. കോവിഡ് പോലെയുള്ള പകർച്ച വ്യാധികൾ പിടിപെടുകയാണെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ഫലത്തിൽ ഉദ്യോഗസ്ഥർക്ക് സ്പെഷ്യൽ കാഷ്വൽ ലീവുകൾ ലഭിക്കുന്നതാണ്. റാബിസ് വിഷബാധ പരത്തുന്ന മൃഗങ്ങളായ പട്ടി, പൂച്ച, കുരങ്ങ് തുടങ്ങിയവയുടെ കടിയേൽക്കുന്ന ഉദ്യോഗസ്ഥർക്കും കുത്തിവെയ്പ്പ് എടുക്കുന്ന കാലയളവിൽ 14 ദിവസം വരെ സ്പെഷ്യൽ കാഷ്യൽ ലീവുകൾ ലഭിക്കുന്നതാണ്. അംഗപരിമിതരായ ഉദ്യോഗസ്ഥർക്ക് ഒരു കലണ്ടർ വർഷം 15 ദിവസവും, കീമോതെറാപ്പി റേഡിയേഷൻ ചികിത്സകൾ ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് കലണ്ടർ വർഷത്തിൽ 180 ദിവസവും, അവയവങ്ങൾ മാറ്റിവയ്ക്കൽ ചികിത്സയ്ക്ക് വിധേയരാവുന്ന സർക്കാർ ജീവനക്കാർക്ക് കലണ്ടർ വർഷത്തിൽ 90 ദിവസവും സ്പെഷ്യൽ കാഷ്വൽ ലീവുകൾ ലഭിക്കുന്നതാണ്. ഇത് കൂടാതെ അംഗപരിമിതരോ, കാൻസർ രോഗികളോ ആയ കുട്ടികളുടെ ഉദ്യോഗസ്ഥരായ മാതാപിതാക്കളിൽ ഒരാൾക്ക് കലണ്ടർ വർഷത്തിൽ 15 സ്പെഷ്യൽ കാഷ്വൽ ലീവുകൾ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ഫലത്തിൽ ഇങ്ങനെയുള്ള സ്പെഷ്യൽ കാഷ്വൽ ലീവുകൾ അനുവദിക്കുന്നതാണ്.

ഇത് കൂടാതെ സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ നിരവധി അവധികൾ KSR പ്രതിപാദിക്കുന്നുണ്ട്. കൂടാതെ രക്ഷാകർതൃ പരിപാലന അവധി, ശിശുപരിപാലന അവധി എന്ന രണ്ടു പുതിയ അവധികൾ അനുവദിക്കാൻ കേരള സർക്കാർ ജീവനക്കാരുടെ പതിനൊന്നാം ശമ്പളക്കമീഷൻ സർക്കാറിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

**AKPCTA സ്റ്റേറ്റ് സർവീസ് സെൽ ജോയിന്റ് കൺവീനറാണ്  ലേഖകൻ**

**ഹരിനാരായണൻ ജി.**
ഡി.ബി. കോളേജ്, തലയോലപ്പറമ്പ്

# കഴ്സർ ഹൈലൈറ്റർ

മൗസ് കഴ്സർ ഓൺലൈൻ അദ്ധ്യാപനത്തിൽ വളരെ പ്രയോജനപ്പെടുന്ന ഒരു പകരണമാണ്, വിശിഷ്യാ സ്ക്രീൻ ഷെയറിങ് ഉപയോഗിക്കുമ്പോൾ. ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനായി ഒരു കഴ്സർ ഹൈലൈറ്റർ വളരെയെളുപ്പത്തിൽ ഉപയോഗിക്കാവുന്നതാണ്. ഇതിനായി പല മാർഗ്ഗങ്ങൾ ഇന്ന് ലഭ്യമാണ്. അതിലെത്രയും എളുപ്പമുള്ള, ഒരദ്ധ്യാപകൻ തന്നെ നിർമ്മിച്ച വഴി ഇവിടെ പരിചയപ്പെടുത്താം.

കാർബണിക രസതന്ത്രത്തിന്റെ അദ്ധ്യാപകനായ പ്രൊഫ. ലൂക്ക് ബോയ്സ്വെർട്ടാണ് ഇവിടെ പരിചയപ്പെടുത്തുന്ന കഴ്സർ ഹൈലൈറ്റർ നിർമ്മിച്ചത്. ഇത് ഡൌൺലോഡ് ചെയ്യുന്നതിനായി അദ്ദേഹത്തിന്റെ വെബ്സൈറ്റ് https://sites.google.com/site/boisvertlab സന്ദർശിക്കാം. അവിടെ computer stuff എന്ന ഡ്രോപ്ഡൗൺ ജനാലയിൽ "online teaching" കണ്ടെത്തി മൗസ് അമർത്തുക. അപ്പോൾ പ്രത്യക്ഷപ്പെടുന്ന താളിൽ മൂന്നാമത്തെ ഉപശീർഷകമായി Cursor Highlighter (version 2.2) കണ്ടെത്തുക. അതിനു താഴെ ലളിതമായ നിർദ്ദേശങ്ങൾ കണ്ടെത്താം. രണ്ടു ഫയലുകളാണ് ഡൌൺലോഡ് ചെയ്യേണ്ടത്. ഒന്നാമതായി autohotkey യും രണ്ടാമതായി Cursor Highlighter 2.2.ahk യും. രണ്ടിൻറെയും ലിങ്കുകൾ മേൽപ്പറഞ്ഞ ഉപശീർഷകത്തിനു താഴെത്തന്നെ ലഭ്യമാണ്. www.autohotkey.com എന്ന വെബ്സൈറ്റിന്റെ ലിങ്ക് കണ്ടെത്തി



അതിൽ അമർത്തി വെബ്സൈറ്റിൽ എത്തുക. അതിനു ശേഷം download current version ഇൽ അമർത്തി autohotkey ഡൌൺലോഡ് ചെയ്യുക. ഡൗൺലോഡായ .exe ഫയലിൽ മൗസ് അമർത്തി, വരുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച്, autohotkey-യുടെ ഡൗൺലോഡിങ്ങ് പ്രക്രിയ പൂർത്തിയാക്കുക. അതിനു ശേഷം Cursor Highlighter 2.2.ahk എന്ന പേര് കണ്ടെത്തി അതിൽ മൗസ് അമർത്തി ഫയൽ ഡൗൺലോഡ് ചെയ്യുക. ഡൌൺലോഡ് ആയ ഫയലിൽ കഴ്സർ അമർത്തി Run ചെയ്യുക. അപ്പോൾ കഴ്സറിനു ചുറ്റും ഒരു പ്രഭാവലയം കാണപ്പെടും. ഈ രീതിയിൽ കഴ്സർ ഹൈലൈറ്റർ നിങ്ങളുടെ PC യിൽ തയ്യാറാക്കാം. പ്രഭാവലയത്തിന്റെ നിറം, വലിപ്പം, ആകൃതി തുടങ്ങിയവ നമ്മുടെ ഇഷ്ടാനുസരണം മാറ്റുവാനായി സാധിക്കും. കമ്പ്യൂട്ടർ ജനാലയുടെ താഴെ വലതുഭാഗത്ത് സാധാരണയായി കാണപ്പെടുന്ന നോട്ടിഫിക്കേഷൻ ഐക്കോൺസിൻെറ കൂടെ കഴ്സർ ഹൈലൈറ്റർ കണ്ടെത്താൻ സാധിക്കും. അതിൽ മൗസ് വലതമർത്തി, settings കണ്ടെത്തി അമർത്തിയാൽ ഇത്തരം പല സാധ്യതകളും പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിൽ കഴ്സർ ഫോക്കസ് എന്ന സാധ്യത ഏറെ രസകരമാണ്. കൂടാതെ നോട്ടിഫിക്കേഷൻ ഐക്കോൺസിൻെറ കൂടെ കഴ്സർ ഹൈലൈറ്റർ കണ്ടെത്തി മൗസ് ഇടതമർത്തിയാൽ പ്രഭാവലയത്തെ അപ്രത്യക്ഷമാക്കി സാധാരണ മൗസ് പോയിൻ്ററിലേക്കു തിരിച്ചു പോകുവാനും സാധിക്കും. അദ്ധ്യാപനത്തെ, പ്രത്യേകിച്ചും ഓൺലൈൻ അദ്ധ്യാപനത്തെ സഹായിക്കുന്ന മറ്റു ചില നിർമ്മിതികളും പ്രൊഫ. ബോയ്സ്വെർട്ടിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

**സിബു മോടയിൽ**
**യു.സി. കോളേജ്, ആലുവ**

# എന്റെ സ്വന്തം കവിത

ഇരുട്ട്
അനായാസം
മഹാസൗധങ്ങൾ
പണിതുകൊണ്ടിരുന്നു.
വാതിലുകൾ,ജനാലകൾ
ആണിവെച്ചുറപ്പിച്ച
ചീവീടുകൾ.
കടിലുകളിലുറങ്ങിയവർക്ക്
അത് കൊട്ടാരം കൊടുത്തു.
വീടില്ലാത്തവർക്ക്
അംബരചുംബികളെ.
ഇരുട്ട് എന്ന തച്ചന്റെ
മൂത്ത മകൾ നിലാവ്
നിരാലംബരുടെ
കൺപോളകൾ
തുന്നിച്ചേർത്തു.
ഇളയവൾ ഇളംതെന്നൽ
പങ്കകളില്ലാതുറങ്ങുന്ന
കുഞ്ഞുങ്ങളെ
തഴുകിക്കൊണ്ടിരുന്നു.
തച്ചനും തളർന്നു.
പണികഴിഞ്ഞ്
കടലിന്റെയാഴമറിഞ്ഞ്
മുങ്ങിനിവർന്നിട്ടു വേണം
ഉറങ്ങുന്ന
സുന്ദരൻമാരെയും
സുന്ദരിമാരെയും
കണ്ടൊന്നു നിറയാൻ.
കഷ്ടം!
വെളിച്ചം
എല്ലാം പൊളിച്ചടുക്കി.
വെളിച്ചമൊന്നു മാറിക്കിട്ടാൻ
മലകൾക്കും മരങ്ങൾക്കും
മറഞ്ഞുനിന്നു
എന്റെ സ്വന്തം കവിത.

1968 ൽ AKPCTA ജേർണൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്
രാഷ്ട്രപതി ഭവനിൽ നിന്ന് ലഭിച്ച ആശംസ.

भारत के राष्ट्रपति का सचिव,
राष्ट्रपति भवन,
नई दिल्ली-४.

SECRETARY TO THE PRESIDENT OF INDIA,
RASHTRAPATI BHAVAN,
NEW DELHI-4.

No. F. 3-M/68.

October 8, 1968.

Dear Shri Subrahmanian,

The President has asked me to thank you for your letter informimg him that the All Kerala Private College Teachers' Association has been championing the cause of teachers and has also been encouraging the establishment of high standards of education in the State. He sends his best wishes to the Association for the success of the Journal it intends to publish chronicling its achievements and aspirations.

Yours sincerely,

(Sd.)

NAGENDRA SINGH.

KERALA PRIVATE COLLEGE TEACHER

R.No. 36025/81 No.287

ISSN 2454-4795
Rs.11/- JUNE - 2021




Printed and Published by Dr. C. Padmanabhan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
**Editor : Dr. A.S. Sumesh**